www.malankaralibrary.com

# ബഥനിശബ്ദം

ഒക്ടോബർ 2019



www.malankaralibrary.com


# BETHANY SABDAM

**No. 117** **2019** **October**



**Editor**

Fr. Varghese Vijayanand OIC

**Editorial Board**

Fr. Antony Padipurackal OIC

Fr. John Britto Charivukalayil OIC

Fr. Geevarghese Thiruvalil OIC

**Circulation Manager**

Fr. Varghese Thykkoottathil OIC



**Printed at**

Bethany Press, Kottayam - 686010

Ph: 0481 - 2571355

e-mail: bethanyktm@gmail.com

**Cover Design**

Shany Roopesh

**Published from**

Bethany Ashram Generalate

P.B.No. 06, Vadavathoor P.O.,

Kottayam - 686 010, KERALA

Ph: 0481 - 2578494 (Monday - Saturday from 9.30 AM to 5.00 PM)

web: www.bethanyashram.com

e-mail: oic.infonews@gmail.com

www.malankaralibrary.com

# ഉൾത്താളുകളിൽ

**മുഖമൊഴി** 4
ഫാ. വർഗീസ് വിജയാനന്ദ് തരകൻവീട്ടിൽ ഒ.ഐ.സി

**ആത്മസംതൃപ്തിയുടെ ആൾരൂപം** 6
വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.

**ബലമാകുന്ന ഓർമ്മകളും ബലപ്പെടുത്തുന്ന വാക്കുകളും** 8
വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി

**പൈതൃകങ്ങളുടെ ആഢ്യത്വത്തെ ഹൃദയത്തിൽ തിടമ്പേറ്റിയവരിലെ ...** 10
വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി

**റവ. ഫാ. സ്റ്റീഫൻ തിരുവാലിൽ ഒ.ഐ.സി: നാൾവഴിയിലൂടെ...** 14
ഫാ. ആന്റണി പടിപ്പുരയ്ക്കൽ ഒ.ഐ.സി

**സഹയാത്രികാ, സമാധാനത്തോടെ പോവുക...** 17
ഫാ. ജെറോം പീടികപ്പറമ്പിൽ ഒ.ഐ.സി

**കരുത്തിന്റെ കാതലാം ബഥാന്യൻ ബഹു. സ്റ്റീഫൻ തിരുവാലിലച്ചൻ** 19
ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി


**മനസ്സിൽ നിറഞ്ഞു നില്ക്കുന്ന സ്റ്റീഫൻ തിരുവാലിലച്ചൻ** 23
ഫാ. ഗീവർഗീസ് തോമസ് പാലവിളയിൽ ഒ.ഐ.സി

**'കൊഹനൈത്താ'യിലെ പുരോഹിത വിചാരങ്ങൾ** 26
ഫാ. വർഗീസ് വിജയാനന്ദ് ഒ.ഐ.സി

**ദൈവത്തിന്റെ ബഥനിയിലെ ഉത്തമ സന്യാസി** 31
ബ്രദർ ഡാനിയേൽ കല്ലിൽ ഒ.ഐ.സി.

**കുടുംബ ബന്ധങ്ങളുടെ കാവൽക്കാരൻ** 34
സ്റ്റീഫൻ ജോർജ്ജ് തിരുവാലിൽ

www.malankaralibrary.com



# മുഖമൊഴി

ബഥനിയിലൂടെ വളർന്ന് അനേകർക്ക് ആദ്ധ്യാത്മിക തണലേകി സഭാഗാത്രത്തിൽ സുഗന്ധപൂരിതമായ നന്മരമായിരുന്നു ബഹു.സ്റ്റീഫൻ തിരുവാലിലച്ചൻ. ബഥനിയിലെ ഈ വന്ദ്യ വൈദികൻ തനിക്ക് ലഭിച്ച വിളിക്ക് യോഗ്യമായി ജീവിതം നയിച്ചു. ബഥനിയിലൂടെയുള്ള തന്റെ ദൈവവിളി അതിന്റെ പൂർണ്ണാർത്ഥത്തിൽ ജീവിച്ച സന്യാസവര്യൻ. “ബൈബിളിലെ ക്രിസ്തുവിനെ, ക്രിസ്തു പഠിപ്പിക്കുന്ന മൂല്യങ്ങളെ ലോകത്തിന് നൽകാൻ കഴിയാത്ത സഭ പരാജയമാണ്.” ബഥനിയിലെ മിശിഹാനുകരണത്തിന്റെ വിളി ബൈബിളിലെ ക്രിസ്തുവിനെ, ക്രിസ്തു പഠിപ്പിച്ച മൂല്യങ്ങളെ തന്റെ ജീവിതത്തിലൂടെ ആധുനിക സമൂഹത്തിനു പകർന്നു നൽകുകയെന്നതാണ്. ബൈബിളിലെ ക്രിസ്തുവിനെ ക്രിസ്തു പഠിപ്പിച്ച മൂല്യങ്ങളെ അനേകർക്ക് അച്ചൻ തന്റെ ജീവിത ത്തിലൂടെ പകർന്നു നൽകി.

വ്യത്യസ്ത അഭിപ്രായങ്ങളും ആശയങ്ങളും സമൂഹ ജീവിത ത്തിന്റെ മുഖരൂപങ്ങളാണ്. അതിലേക്ക് ക്രിസ്തുവിന്റെ എളിമയും, ദാരി ദ്ര്യവും, സ്നേഹവും സന്നിവേശിപ്പിക്കുകയെന്നതാണ് സന്യാസിയുടെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം. ഈ സന്നിവേശം നടന്നെ ങ്കിൽ മാത്രമേ ഭൂമിയിൽ സ്വർഗ്ഗത്തിന്റെ മുൻ ആസ്വാദനം സന്യാസ ഭവനങ്ങളിലൂടെ സംജാതമാകുകയുള്ളു. യഥാർത്ഥ സന്യാസിക്കു മാത്രമെ, ക്രിസ്തുവനെ കണ്ടുമുട്ടിയവന് മാത്രമെ, ഈ പ്രക്രിയയ്ക്ക് നേതൃത്വം കൊടുക്കുവാൻ സാധിക്കുകയുള്ളു. ബഹു.സ്റ്റീഫൻ തിരു വാലിലച്ചൻ അനേക ആശ്രമങ്ങളിൽ അദ്ധ്യക്ഷനായിരുന്ന് സഹോദര സന്യസ്തരെ ക്രിസ്താനുകരണത്തിന്റെ മനോഹര അനുഭവങ്ങളിലേക്ക് നയിച്ചു.

നിസ്തുലമായ ദൈവസാന്നിദ്ധ്യം ബന്ധങ്ങളിലൂടെ അനുഭവവേ ദ്യമാകുകയെന്ന ക്രൈസ്തവ ദർശനം “ഈ ചെറിയവരിൽ ഒരുവന്

www.malankaralibrary.com

ചെയ്തപ്പോൾ എനിക്കുതന്നെ ചെയ്തുവെന്ന" (മത്താ 25:40) തിരുവചനത്തിൽ അന്തർലീനമാണ്. ബഥനിയിലെ വിവിധ തലമുറകളുടെ പാലമായിരുന്നു സ്റ്റീഫനച്ചൻ, അതിനാൽ തന്നെ സമൂഹത്തിന്റെ സിദ്ധി അതിന്റെ അർത്ഥവും വ്യാപ്തിയും ചോർന്നുപോകാതെ യുവതലമുറയിലേക്ക് കൈമാറ്റം ചെയ്യാൻ ബന്ധങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ജീവിതം വഴി സ്റ്റീഫനച്ചന് സാധിച്ചു.

ഓരോ പുരോഹിതനും ക്രിസ്തുവിന്റെ രൂപ, ശബ്ദ സാന്നിധ്യത്തിന്റെ ഈ ലോകത്തിലെ പ്രകാശനമാണ്. ദൈവത്തിനും മനുഷ്യനും ഇടയിൽ നിൽക്കുന്നവർ. ദൈവത്തിന്റെ സമാധാനം വിളംബരം ചെയ്യുന്നവർ, ക്രിസ്തു സൗഖ്യത്തെ പരികർമ്മം ചെയ്യുന്നവർ. കാൽവരിയിലെ ബലിയോട് ഒന്നായി ചേരുവാൻ ഓരോ ദിവസവും ബലിപീഠത്തിലേക്ക് കയറുന്നവൻ വൈദികൻ-ലോകത്തിന് മനസിലാക്കുവാൻ പ്രയാസമുള്ള ഒരു യാഥാർത്ഥ്യം. എന്നാൽ തന്റെ ജീവിതംവഴി ലോകത്തെ ദൈവീകതയിലേക്ക് ഉയർത്താൻ ഇന്നത്തെ ലോകത്തിന് വിശുദ്ധരായ വൈദികരെ ആവശ്യമുണ്ട്. തന്റെ എളിയജീവിതം വഴി ലോകത്തെ ദൈവിക അനുഭവത്തിൽ വളർത്തിയ വന്ദ്യ വൈദികനാണ് ബഹു. സ്റ്റീഫനച്ചൻ.

ബഥാന്യൻ ജീവിതത്തിന്റെ സുവർണ്ണമുഖം ഗുരുപാദത്തിലെ വചന ശ്രവണവും മനനവുമാണ്. വചന-ശ്രവണ-ധ്യാനങ്ങൾക്ക് തന്റെ ജീവിതത്തിൽ സ്റ്റീഫനച്ചൻ പ്രാധാന്യം നൽകി-ഇപ്രകാരം താൻ ഗുരുവിൽ നിന്നുകേട്ട സുവർണ്ണ വചനങ്ങൾ മനനം ചെയ്തു ലഭിച്ച നല്ല ചിന്തകൾ അനേകർക്ക് പ്രയോജനം ചെയ്യത്തക്ക രീതിയിൽ അച്ചൻ പുസ്തകരൂപത്തിലാക്കി ബഥനിയുടെ മുദ്രാലയ പ്രേഷിതത്വത്തെയും ധന്യമാക്കി.

പ്രിയ സ്റ്റീഫനച്ചാ കഴിഞ്ഞ 100 വർഷത്തിലെ ബഥനിയുടെ വളർച്ചയിൽ അച്ചന്റെ പങ്ക് നിസ്തുലമാണ്. അങ്ങ് കാണിച്ചുതന്ന മാതൃകകൾ, അങ്ങു ബലപ്പെടുത്തി തന്ന സന്യാസ ജീവിത അനുഭവങ്ങൾ എന്നും ഞങ്ങൾക്ക് ശക്തിയാണ്-അനുഗ്രഹമാണ്. അച്ചന്റെ ഓർമ്മയക്കു മുമ്പിൽ ബഥനി മക്കൾ-അങ്ങയുടെ പ്രിയ സഹോദരങ്ങൾ പ്രാർത്ഥനാ മഞ്ജരികൾ അർപ്പിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. വർഗീസ് വിജയാനന്ദ് തരകൻവീട്ടിൽ ഒ.ഐ.സി.**

www.malankaralibrary.com

# ആത്മസംതൃപ്തിയുടെ ആൾരൂപം സ്റ്റീഫൻ തിരുവാലിലച്ചൻ

**വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.**
**സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം**

ബഹു.സ്റ്റീഫൻ തിരുവാലിലച്ചൻ ഭൗതികമായി നമ്മെ വേർപിരിഞ്ഞിട്ട് 41 ദിവസം തികയുകയാണല്ലോ. അച്ചനെക്കുറിച്ചുള്ള ദീപ്തമായ ഓർമ്മകൾ ഒരു ബഥാനിയൻ എന്ന നിലയിൽ വലിയ ആത്മാഭിമാനം ഉളവാക്കുന്നതാണ്. ഒറ്റവാക്കിൽ അച്ചനെ ഓർമ്മിച്ചാൽ "ആത്മസംതൃപ്തിയുടെ ആൾരൂപം, ഒരു സന്യാസി വൈദികൻ എന്ന നിലയിൽ തന്റെ ജീവിതത്തെ ആത്മസംതൃപ്തിയോടെ കണ്ട് അതിന്റെ പ്രകാശം മറ്റുള്ളവരിലേക്ക് പങ്കുവെയ്ക്കുവാനും അദ്ദേഹം പരിശ്രമിച്ചു. ജീവിതത്തിന്റെ ഏതു പ്രതിസന്ധി ഘട്ടത്തിലും "ഓ, യെസ്" എന്നു തുറന്ന മനോഭാവത്തോടെ ജീവിക്കാൻ അദ്ദേഹം പരിശ്രമിച്ചു, അത് മറ്റുള്ളവരെ പഠിപ്പിച്ചു.

പ്രത്യാശയുടെ കിരണങ്ങൾ മറ്റുള്ളവരിലേക്ക് തന്റെ ജീവിതത്തിലൂടെ ചൊരിയുവാൻ അദ്ദേഹം നിരന്തരം ശ്രദ്ധിച്ചിരുന്നു. ആറു വർഷം എന്റെ സുപ്പീര്യർ ആയി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. പരിമിതികളേയും പരിധികളേയും കുറിച്ചൊക്കെ ആകുലരാകുമ്പോൾ അച്ചൻ ആശ്വസിപ്പിക്കുന്ന വാക്കുകൾ ജീവിതത്തിന് എന്നും ബാധകമാകുന്നതാണ്. "അച്ചാ, കൊച്ചടുപ്പിൽ കൊച്ചു തീ, വലിയ അടുപ്പിൽ വലിയ തീ". പ്രതിസന്ധികളുടെ മുൻപിൽ പകച്ചു നിൽക്കുമ്പോൾ ധൈര്യം തരുന്ന വാക്കുകൾ. ഒരു ബഥനിക്കാരന് ഒന്നും നഷ്ടപ്പെടാനില്ല, കാരണം എല്ലാം നഷ്ടമെന്നു കരുതിയ ക്രിസ്തുവിനെയാണ് നമ്മൾ അനുധാവനം ചെയ്യുന്നത്. നമ്മുടെ പുണ്യപിതാവും ഈ വഴികളിലൂടെയാണ് യാത്ര ചെയ്തത് എന്ന് അച്ചൻ നിരന്തരം ഓർമ്മിപ്പിക്കാറുണ്ട്. ഒരു സുപ്പീര്യറിന്റെ അധികാരത്തോടല്ല പിന്നെയോ, ഒരു അച്ചന്റെയും അഗ്രജന്റെയും സംരക്ഷണബോധത്തോടെയാണ് അച്ചൻ കൂടെ താമസിച്ചിരുന്നവരെ കരുതിയത്.

ഒരു വൈദികൻ എന്ന നിലയിൽ അദ്ദേഹം മലങ്കരസഭയിലെ പ്രധാന പള്ളികളിലെ വികാരിയായി സേവനമനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ ശവസംസ്കാര ചടങ്ങിൽ വളരെയധികം ആളുകൾ പങ്കെടുത്തു. ആളുകൾ പങ്കെടുത്തു എന്നതിലുപരി 45 വർഷംമുമ്പ് വികാരി

www.malankaralibrary.com

യായിരുന്ന ദേവാലയത്തിലെ അംഗങ്ങൾ അദ്ദേഹത്തോടുള്ള ബന്ധം കാത്തു സൂക്ഷിക്കുകയും ശവസംസ്കാര ചടങ്ങിൽ ദീർഘദൂരം യാത്ര ചെയ്തു പങ്കെടുക്കുകയും ചെയ്തത് അദ്ദേഹത്തിന്റെ പൗരോഹിത്യ ശുശ്രൂഷയുടെ സമർപ്പണത്തിന്റെ ഉത്തമ ഉദാഹരണമാണ്. ഇടവക യിലെ നിർധനരായ കുട്ടികളെ പഠിക്കുവാൻ സഹായിക്കുന്നത് ഒരു മുൻഗണനയായി തന്നെ അദ്ദേഹം കരുതി. അദ്ദേഹം പഠനത്തിന് സഹാ യിച്ചു വളർത്തിയ പലരും നല്ല നിലയിൽ ആയിത്തീർന്നത് വലിയ സന്തോഷം അദ്ദേഹത്തിനു നല്കിയിരുന്നു.

ധാരാളം വെല്ലുവിളികളെയും പ്രതിസന്ധികളെയും അദ്ദേഹം അഭിമുഖീകരിച്ചിട്ടുണ്ട്. ജീവിതത്തിലെ പച്ചയായ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാൻ അദ്ദേഹത്തിന്റെ ദൈവാശ്രയബോധം ഇടയാ ക്കിത്തീർത്തു. ക്ലേശങ്ങളും കഷ്ടതകളും ഒക്കെ അനുഭവിക്കുന്നവരോട് താദാത്മ്യപ്പെടാൻ അവരെ ബലപ്പെടുത്താനും സ്വന്തം അനുഭവം പിൻബലമേകി.

നല്ല ഒരു വാഗ്മിയും, എഴുത്തുകാരനും, മലയാളഭാഷാ പണ്ഡി തനുമായിരുന്നു ബഹു.സ്റ്റീഫനച്ചൻ. മലയാളഭാഷയിലും സാഹിത്യ ത്തിലും അദ്ദേഹത്തിനു നല്ല പാണ്ഡിത്യം ഉണ്ടായിരുന്നു. വിശാല മായ വായന, പ്രത്യേകിച്ച് ഹിന്ദുമതധർമ്മത്തെക്കുറിച്ചും അതിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ചും അദ്ദേഹം നിരന്തരം പങ്കുവച്ചിരുന്നു.

ഒരു ബഥനിക്കാരനായതിൽ അഭിമാനം കൊള്ളുകയും, ബഥ നിയെ ജീവനുതുല്യം സ്നേഹിച്ച വ്യക്തിയുമായിരുന്നു ബഹു.അച്ചൻ. ബഥനിയെ സംരക്ഷിക്കുന്നതിലും വളർത്തുന്നതിലും അതീവ ജാഗ്ര തയോടെ ശ്രദ്ധിച്ചു. മരിക്കുന്നതിനു രണ്ടുദിവസം മുമ്പ് ഞാനും ബഹു. എൽദോ എച്ചനുംകൂടി അച്ചന്റെ അടുത്ത് അരമണിക്കൂർ ചിലവഴിച്ചു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ അഭിമാനം തുളുമ്പുന്നതായിരുന്നു. ഒരു അന്തിമ സന്ദേശംപോലെ "അച്ചോ ഇരുന്നെഴുന്നേറ്റതുപോലെ ബഥനി കഴിഞ്ഞ കാലങ്ങളിൽ വളർന്നു. ആൾബലം കൊണ്ടും സമ്പത്തുകൊ ണ്ടും, സാദ്ധ്യതകൾ കൊണ്ടും ദൈവം തന്റെ കൃപ നമ്മുടെ മേൽ ചൊരി ഞ്ഞു. തിരിഞ്ഞു നോക്കുമ്പോൾ ഈ സമൂഹം ഒരു അത്ഭുതമാണ്." 65 വർഷം നീണ്ട സമൂഹ ജീവിതത്തെ ആത്മ സംതൃപ്തിയോടും കൃത ജ്ഞതയോടും ജീവിച്ച പുരോഹിതൻ. ബഹു. സ്റ്റീഫനച്ചാ, അങ്ങു പഠി പ്പിച്ച, ജീവിച്ച സന്യാസദർശനവും, വൈദിക ശ്രേഷ്ഠതയും പരാതിക ളോ, പരിഭവമോ ഇല്ലാത്ത ശാന്തമായ ജീവിതം ബഥനിക്ക് എന്നും പ്രചോദനമാണ്. ●

www.malankaralibrary.com

# ബലമാകുന്ന ഓർമ്മകളും ബലപ്പെടുത്തുന്നവാക്കുകളും

**വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി**
**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജ്യോതി പ്രൊവിൻസ്**

"സാരമില്ലച്ചോ, അച്ചൻ പ്രാർത്ഥിച്ചാൽ മതി ഞാൻ നന്നായി ഒരുങ്ങിയിരിക്കുകയാണ്."

ദൃഢതയുള്ള സ്വരത്തിൽ, ശാരീരിക ക്ലേശങ്ങളുടെ മദ്ധ്യേ, അവസാനം കണ്ടുമുട്ടിയപ്പോൾ സ്റ്റീഫൻ തിരുവാലിൽ അച്ചൻ എന്നോടു പറഞ്ഞ വാക്കുകളാണ്.

ഒരു വിധത്തിൽ പറഞ്ഞാൽ വാർദ്ധക്യത്തോടും, ശാരീരിക ക്ലേശത്തോടും, അടുത്തടുത്ത് വരുന്ന മരണത്തോടും, മുഖാഭിമുഖം നില്ക്കുമ്പോൾ... ഇത്രയും ചങ്കുറപ്പോടെ ഒരാൾ സംസാരിക്കുന്നത് കേൾക്കുമ്പോൾ അസൂയയും ആനന്ദവും ആദരവും തോന്നിപ്പോകും.

ഇത് വെറും ചങ്കുറപ്പോ ഉള്ളിലുള്ള ഭയത്തെ മൂടി വയ്ക്കുന്ന നാട്യമോ അല്ല. മറിച്ച്, ഒരു ജീവിതത്തിന്റെ നിലപാടാണത്.

ശരീരവും, മനസ്സും, ഒരുപോലെ ബലഹീനമാകുമ്പോൾ ജീവിതം ഇത്രയും ശോഭയുള്ളതാക്കാൻ കഴിയുന്നവർ ഭാഗ്യം ചെയ്തവരാണ്.

എന്നാലീ ഭാഗ്യം വെറുതെ വീണു കിട്ടുന്നതല്ലാതെ ഒരു ജീവിതം മുഴുവൻ സ്വീകരിച്ചിട്ടുള്ള നിലപാടുകളുടെ ആകെ തുകയാണ് എന്നുമുള്ള ഓർമ്മപ്പെടുത്തലും സാക്ഷ്യപ്പെടുത്തലുമാണ് സ്റ്റീഫനച്ചന്റെ ജീവിതം. സ്റ്റീഫനച്ചന്റെ ഉറച്ച സ്വരം പോലെ തന്നെ ഉറച്ചതായിരുന്നു അദ്ദേഹത്തിന്റെ സ്നേഹബന്ധങ്ങൾ.

മറ്റുള്ളവരുടെ നന്മകളെ ലുബ്ധിക്കാതെ പ്രശംസിക്കുവാൻ അദ്ദേഹം മടി കാട്ടാറില്ല. ഒരിക്കൽ തിരുവല്ലാ ആശ്രമത്തിൽവച്ച് ഒരു സമൂഹാംഗത്തിന്റെ ചരമപ്രസംഗം സുപ്പീരിയർ ജനറൽ എന്ന നിലയിൽ എനിക്ക് നടത്തേണ്ടി വന്നു. അതു കഴിഞ്ഞ് സ്റ്റീഫനച്ചൻ എന്നോടു പറഞ്ഞു: "പ്രസംഗം നന്നായിരുന്നച്ചോ, എന്റെ ശവസംസ്കാരത്തിനും, അച്ചൻ ഇതുപോലൊന്ന് പ്രസംഗിക്കണം" എന്ന് പറഞ്ഞ്

www.malankaralibrary.com

അച്ചൻ പൊട്ടിച്ചിരിച്ചു. അതച്ചന്റെ ഉള്ളു തുറന്നുള്ള പ്രശംസയും പ്രോത്സാഹനവുമാണ്.

വ്യക്തിബന്ധങ്ങളിൽ നാട്യം കലർത്താതെയുള്ള പച്ചയായ, ഇഴയടുപ്പമുള്ള സമീപനവും, സൗഹാർദ്ദവും ആണ് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നത്. പറയുവാനുള്ളത് തുറന്നു പറയുന്ന ആർജ്ജവത്വം അദ്ദേഹത്തിന്റെ നിലപാടുകളെ എന്നും സുതാര്യമായി കാത്തു സൂക്ഷിച്ചു.

നാലാഞ്ചിറ ആശ്രമത്തിൽ എത്തുമ്പോൾ, സന്ധ്യാപ്രാർത്ഥനയ്ക്കായി പള്ളിയിൽ ചെല്ലുമ്പോൾ, അവസാനംവരെ ശ്ഹീമോ നമസ്കാരം ഉച്ചത്തിൽ ചൊല്ലിയും, “ശുബഹോ....” പറയേണ്ടിടത്ത് വ്യക്തമായും, ഉച്ചത്തിലും ചൊല്ലിയും അദ്ദേഹം യാമനമസ്കാരത്തിൽ പങ്കെടുക്കുന്നത് കണ്ടിട്ടുണ്ട്. ക്ഷീണവും രോഗവും ആ ചിട്ടയെ സ്വാധീനിച്ചിട്ടില്ല. അങ്ങനെ ബഥനിയിലെ യുവതലമുറയ്ക്ക് സാക്ഷ്യവും മാതൃകയും നല്കികൊണ്ടായിരുന്നു അദ്ദേഹം കടന്നുപോയത്.

മലയാളഭാഷയിൽ ഉപരിപഠനം നടത്തിയത് പാഴാക്കി കളയാതെ, ഗ്രന്ഥരചനയുടെ വേദിയിലും അദ്ദേഹം സാന്നിധ്യം അറിയിച്ചു. എല്ലാറ്റിലും ഉപരിയായി ബഥനി അദ്ദേഹത്തിന് ആവേശവും, ആദർശവുമായിരുന്നു. ബഥനിക്കെതിരെ വാസ്തവ വിരുദ്ധമായ വിമർശനം ആരിൽനിന്ന് ഉണ്ടായാലും, അദ്ദേഹം ശക്തമായി പ്രതികരിക്കുന്നത് കണ്ടിട്ടുണ്ട്. ഈ മാധ്യസ്ഥം തീർച്ചയായും സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് ശക്തമായി അദ്ദേഹം തുടരുന്നുവെന്ന് നമുക്ക് പ്രത്യാശിക്കാം. സ്വന്തമായി നിലപാടുകൾകൊണ്ട് ബഥനിയിൽ തന്റേതായ ഒരിടം അടയാളപ്പെടുത്തിയിട്ട് സ്റ്റീഫനച്ചനും കടന്നുപോയി.

ആ ഓർമ്മകൾ നമ്മുടെ പ്രാർത്ഥനകളിലും ഇടം പിടിക്കട്ടെ. ഇവരെപ്പോലുള്ള പിതാക്കന്മാരുടെ ഓർമ്മകളും, ശബ്ദവും പ്രശ്നകലുഷിതമായ നേരങ്ങളിൽ ബലമായി കൂടെയുണ്ട് എന്ന് വിശ്വസിക്കുന്നു. “സാരമില്ലച്ചോ! പേടിയ്ക്കാനൊന്നുമില്ല. പ്രാർത്ഥിച്ചാൽ മതി...” ശരിയാണ്, നമ്മെ ബലപ്പെടുത്തിക്കൊണ്ട് സ്റ്റീഫനച്ചൻ കൂടെത്തന്നെയുണ്ട്.

●

www.malankaralibrary.com

# പൈതൃകങ്ങളുടെ ആദ്ധ്യാത്മികതയെ ഹൃദയത്തിൽ തിടമ്പേറ്റിയവരിലെ ഒരു കണ്ണി കൂടി ഇനി ഓർമ്മയിൽ

**വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി**
**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജീവൻ പ്രൊവിൻസ്**

ബഥനിയെ സ്നേഹിച്ചവരുടെയും സ്വന്തമാക്കിയവരുടെയും നിരകളിൽ ബഥനിയുടെ പൈതൃകങ്ങളുടെ ആദ്ധ്യാത്മികതയെ ഹൃദയത്തിൽ തിടമ്പേറ്റിയവരായിരുന്നു മൺമറഞ്ഞ ഓരോ ബഥാന്യനും. മൺമറഞ്ഞുപോയവരുടെ അദ്ധ്വാനവും സന്യാസ സമർപ്പണവും ദൈവാശ്രയബോധവുമാണ് ഇന്നു നാം കാണുന്ന ബഥനി. ഈ യാത്രയിൽ ഓരോ ബഥാന്യന്റെയും സംഭാവന വിലയുറ്റതാണ്... പകരം വയ്ക്കാനാവാത്തതാണ്. ഇന്നലെയുടെ ഓരോ കണ്ണിയും മുറിയുമ്പോൾ ബഥനിക്ക് നൊമ്പരമാണ്. ഈ ഗണത്തിൽ ബഥനിയിലെ സ്റ്റീഫൻ തിരുവാലിലച്ചൻ മൺമറഞ്ഞിട്ട് ഇന്ന് നാല്പതു ദിനങ്ങൾ പൂർത്തിയാവുന്നു. ബഥനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവസന്നിധിയിൽ ഒരാത്മാവുകൂടി കൂട്ടിച്ചേർക്കപ്പെട്ടതിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ ദിനം.

### ജനനവും ബാല്യവും

ഗീവർഗീസ് - അന്നമ്മ ദമ്പതികളുടെ മകനായി മാവേലിക്കര കോട്ടവാതിൽക്കലിലുള്ള പുരാതനമായ തിരുവാലിൽ കുടുംബാംഗമായി ജനിച്ച് ജേക്കബ് എന്ന മാമോദീസാ നാമം നല്കപ്പെട്ട സ്റ്റീഫനച്ചന്, പരേതയായ മേരി ജോർജ്ജ് (ചെട്ടിക്കുളങ്ങര-മാവേലിക്കര), ജോർജ്ജ് വർഗ്ഗീസ് (മാവേലിക്കര), ബഹു.സി.നിർമ്മല വി.സി, എന്നിങ്ങനെ മൂന്നു സഹോദരങ്ങളാണ് ഉള്ളത്. പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ പഠനവും മാവേലിക്കരയിൽ പൂർത്തിയാക്കിയ അച്ചൻ ഒരു സന്യാസ വൈദികനാകാനുള്ള തന്റെ ആഗ്രഹം സ്വപിതാവിനെ അറിയിച്ചു.

### ആശ്രമപ്രവേശനവും സന്യാസ പരിശീലനവും

1954 ജൂൺമാസം 4-ാം തീയതിയാണ് പരേതനായ പീറ്റർ കോഴിമണ്ണിലച്ചൻ സ്റ്റീഫനച്ചനെ തിരുവല്ലാ ബഥനി ആശ്രമത്തിൽ സന്യാ

www.malankaralibrary.com

സാർത്ഥിയായി സ്വീകരിച്ചു. വന്ദ്യരായ പീറ്ററച്ചന്റെയും ജോഷ്വാ താവാളത്തിൽ അച്ചന്റെയും ശിക്ഷണത്തിൽ നൊവിഷ്യേറ്റുൾപ്പെടെ ആദ്യ സന്യാസ പരിശീലനം നിർവ്വഹിച്ച സ്റ്റീഫനച്ചൻ പൂനാ സെമിനാരിയിലാണ് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കിയത്. 1963 സെപ്റ്റംബർ 21-ന് ഒരു സന്യാസവൈദികനായി പൂനയിലെ സെമിനാരി ചാപ്പലിൽവച്ച് അഭിഷേകം ചെയ്യപ്പെട്ട അച്ചൻ തൊട്ടടുത്ത ദിവസം സെപ്റ്റംബർ 22-ാം തീയതി കാർമൽ ആശ്രമ ചാപ്പലിൽ ആദ്യ ദിവ്യബലി അർപ്പിച്ചു. ബഹു. അച്ചനുശേഷം കുടുംബത്തിൽ നിന്നും അദ്ദേഹത്തിന്റെ സഹോദരന്റെ മകൻ ഗീവർഗീസ് അച്ചനും ഞാനുമുൾപ്പെടെ വിവിധ സന്യാസ സമൂഹങ്ങളിലേക്ക് കടന്നുവന്ന അനേക ദൈവവിളികളുടെ ഉൾക്കാമ്പിൽ അദ്ദേഹത്തിന്റെ പ്രാർത്ഥനകളും പറയാതെ പറഞ്ഞ അനൗപചാരിക ഉത്ബോധനങ്ങളും ഉണ്ടെന്ന് കാണാം.

**പഠന സേവനരംഗങ്ങൾ**

കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും മലയാളത്തിൽ ബിരുദം കരസ്ഥമാക്കിയ അച്ചൻ സമൂഹത്തിന്റെ വിവിധ സ്ഥാപനങ്ങളിലും സഭയുടെ വിവിധ ദേവാലയങ്ങളിലും ബഥനി സന്യാസ ജീവിതചര്യയ്ക്ക് സാക്ഷ്യം നൽകിയിട്ടുണ്ട്. തന്റെ ദീർഘകാലത്തെ സന്യാസ പൗരോഹിത്യ ശുശ്രൂഷയിൽ പത്തനംതിട്ട മൗണ്ട് ബഥനി സ്കൂൾ, കറ്റാനം പോപ്പ് പയസ് സ്കൂൾ, കലയപുരം മാർ ഈവാനിയോസ് ബഥനി സ്കൂൾ, തിരുവനന്തപുരം ബഥനി കോളേജ്, കറ്റാനം ബോർഡിംഗ്, മൈലപ്ര ബോർഡിംഗ്, പുലയനാർകോട്ട ടി.ബി.പുനരധിവാസകേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളിലും, കോമല്ലൂർ, പുതുശ്ശേരിമല, കല്ലുങ്കൽ, പെരിങ്ങര, നാലാഞ്ചിറ, കറ്റാനം, ഇടപ്പോൺ, വലഞ്ചുഴി, തിരുവല്ലൂർ, കാരയ്ക്കൽ, വാകത്താനം, കുമ്പഴ, ചിറമുക്ക്, കുശവർക്കല, പോങ്ങുംമൂട്, കലയപുരം, കുളക്കട, വള്ളികുന്നം, പുലയനാർകോട്ട, വടശ്ശേരിക്കര എന്നീ ഇടവകകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**ജീവിതത്തെ സൗഹൃദത്തോടെ നേരിട്ട ബഥാന്യൻ**

സാമൂഹ്യസേവന മേഖലകളെയും സമർപ്പണ ജീവിതത്തെയും വചനത്തിന്റെ പിൻബലത്തിൽ കോർത്തിണക്കി "വലതുകരം ചെയ്യുന്നത് ഇടതുകരം അറിയാതെ" (മത്താ 6:3) അനേകരുടെ ജീവിതത്തിൽ വെളിച്ചം നൽകാൻ ശ്രദ്ധിച്ചിരുന്ന ബഹു.സ്റ്റീഫനച്ചൻ താൻ സേവനം

www.malankaralibrary.com

ചെയ്തിരുന്ന എല്ലാ ഇടങ്ങളിലും ഉള്ള ജനങ്ങൾക്ക് ഏറെ സമീപസ്ഥ നായിരുന്നു. എപ്പോഴും സമാധാനം ആഗ്രഹിക്കുകയും മറ്റുള്ളവർ സമാധാനത്തിൽ സഹവസിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്തിരുന്ന ബഹു. സ്റ്റീഫനച്ചൻ കലുഷിതമായ വിഷയങ്ങളെ സ്വതസിദ്ധമായ ശാന്തതയോടെയാണ് നേരിട്ടിരുന്നത്. “സാരമില്ലെന്നേ, ഇങ്ങനെയൊക്കെയല്ലേ ജീവിതം പഠിക്കുന്നത്, നമ്മളാരും പൂർണ്ണരല്ലല്ലോ, എല്ലാ കാര്യങ്ങളും നമ്മൾ മാത്രം ചെയ്തു തീർക്കാനുള്ളതല്ലല്ലോ....” തുടങ്ങി സാന്ത്വനത്തിന്റെ ശബ്ദമാണ് - പ്രശ്നമെന്നു തോന്നുന്ന വിഷയങ്ങളുമായി തന്നെ സമീപിക്കുന്നവരെ ധൈര്യപ്പെടുത്തുവാനും ശക്തിപ്പെടുത്തുവാനും ബഹു.സ്റ്റീഫനച്ചൻ ഉപയോഗിച്ചിരുന്നത്. ദൈവം അനുഗ്രഹിക്കട്ടെ എന്ന സന്യാസ പൗരോഹിത്യത്തിന്റെ ആശ്വാസ വാക്കുകളോടെയാണ് അവരെ തിരികെ അയയ്ക്കുന്നത്.

**വാർദ്ധക്യവും മരണവും**

വാർദ്ധക്യത്തെയും വാർദ്ധക്യസഹജമായ അസുഖത്തെയും സ്വസ്ഥമായി സമീപിച്ച സ്റ്റീഫനച്ചൻ തന്നെ ശുശ്രൂഷിച്ചിരുന്നവർക്കും തന്നെ സന്ദർശിച്ചിരുന്നവർക്കും ആശ്വാസ പ്രദമായ വാർദ്ധക്യത്തിന്റെ ഒരു തുറന്ന ബാലപാഠമായിരുന്നു. പ്രായത്തിന്റേതായ ബുദ്ധിമുട്ടുകളെ നല്ല ഓട്ടം പൂർത്തീകരിക്കാനുള്ള നാളുകളെക്കുറിച്ച് ദൈവം തരുന്ന ഓർമ്മപ്പെടുത്തലുകളായി കണ്ടിരുന്ന സ്റ്റീഫനച്ചൻ പരാതികൾ കൂടാതെ അവസാനനാളുകൾ കഴിച്ചുകൂട്ടിയ ദൈവകൃപ ലഭിച്ച ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.

ആഴ്ചയിൽ രണ്ടുവട്ടം ഡയാലിസിസിനായി ആശുപത്രിയിലെ സ്ഥിരം സന്ദർശകനാകേണ്ടി വന്ന ഏതാനും മാസങ്ങൾ ആരോഗ്യ വിഷയങ്ങളിലെ ഏറ്റക്കുറച്ചിലുകളുടെ കാലഘട്ടമായിരുന്നു എങ്കിലും അവസാന നാൾവരെയും സ്വന്തമായ കാര്യങ്ങൾ ചെയ്യുവാനും ആരാധനകളിലും വിശുദ്ധ കുർബാനകളിലും പങ്കെടക്കുവാനും ദൈവം അദ്ദേഹത്തിന് അനുഗ്രഹം നൽകി. ഡയാലിസിസിനായി തിരുവനന്തപുരത്തുള്ള ആശുപത്രിയിൽ പോകുകയും ചികിത്സ നടന്നുകൊണ്ടിരിക്കുകയും ചെയ്യുമ്പോഴാണ് 2019 സെപ്റ്റംബർ മാസം 18-ന് ഹൃദയസംബന്ധമായ അസ്വസ്ഥതകളെ തുടർന്ന് തീവ്ര പരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചത്. അടുത്ത ദിവസം 2019 സെപ്റ്റംബർ മാസം 19-ന് രാവിലെ 6.50 ന് ബഹു. സ്റ്റീഫനച്ചൻ തനിക്കുവേണ്ടി ദൈവമൊരുക്കിയ സ്വർഗ്ഗീയ മണവറയിലേക്ക് പ്രവേശിച്ചു.

www.malankaralibrary.com

**കബറടക്കം**

89–ാം പുനരൈക്യ വാർഷിക ആഘോഷങ്ങൾക്കും ബഥനിയുടെ ശതാബ്ദിയുടെ സഭാതല ആഘോഷങ്ങളുടെ സമാപനത്തിനും കോട്ടയത്ത് ഗിരിദീപം സ്കൂൾ അങ്കണത്തിൽ തുടക്കം കുറിച്ച ദിനത്തിലാണ് ബഹു.സ്റ്റീഫനച്ചൻ നമ്മിൽനിന്ന് വേർപിരിഞ്ഞത്. തന്റെ പൗരോഹിത്യത്തിന്റെ 56–ാം വാർഷികത്തിന്റെ തലേനാൾ തിരുവനന്തപുരത്തുള്ള നാലാഞ്ചിറ ബഥനി ദയറാ സെമിത്തേരിയിൽ അദ്ദേഹത്തിന്റെ ഭൗതികശരീരം മലങ്കര സഭാദ്ധ്യക്ഷൻ അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമീസ് കാതോലിക്ക തിരുമേനിയുടെ പ്രധാന കാർമികത്വത്തിലും, അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ സഹകാർമികത്വത്തിലും അനേകം ബഥാന്യരുടെയും സന്യസ്തരുടെയും അദ്ദേഹം സേവനം ചെയ്ത വിവിധ ഇടവകകളിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും മാതൃ ദേവാലയത്തിൽനിന്നും കുടുംബത്തിൽ നിന്നുമുള്ള അനേകരുടെ പ്രാർത്ഥനാനിർഭരമായ സാന്നിദ്ധ്യത്തിലും അടക്കം ചെയ്തു.

**ഉപസംഹാരം**

ആദിമസഭയിൽ ജറുസലേം ദേവാലയത്തിൽ ഡീക്കനായി സേവനമനുഷ്ഠിക്കപ്പെടുവാൻ നിയോഗിക്കപ്പെടുകയും ക്രിസ്തുവിനെ സ്വജീവിതത്തിൽ സാക്ഷ്യപ്പെടുത്തുകയും അനേകംപേരെ ക്രൈസ്തവ സഭയിലേക്ക് കൊണ്ടുവരുന്നതിൽ വിജയിക്കുകയും മരണത്തിന് വിധിക്കപ്പെട്ട് കല്ലേറുകൊണ്ട് കൊല്ലപ്പെടുകയും ചെയ്ത, ക്രൈസ്തവ സഭയിലെ ആദ്യത്തെ രക്തസാക്ഷിയായ വി.സ്തേഫാനോസിന്റെ നാമധാരിയായി, ബഥനിയുടെ കാഷായ വേഷധാരിയായി അങ്ങു നടന്നു നീങ്ങിയ വഴികളിൽ ഇനിയും സമൃദ്ധമായ വിളവേകുന്ന വചനവിത്തുകളുണ്ടെന്നുള്ളത് ബഥനിയുടെ അടുത്ത തലമുറയ്ക്കും തിരിച്ചറിവുകൾ നല്കുന്നു. സന്യാസ സമർപ്പണംകൊണ്ടും ജീവിത വിശുദ്ധികൊണ്ടും മാനുഷിക ബലഹീനതകൾക്കു നടുവിലും മരുഭൂമിയിലെ എരിഞ്ഞടങ്ങാത്ത മുൾപ്പടർപ്പുകളാകാൻ ഇനിയും നമുക്ക് സാദ്ധ്യതകളേറെയാണെന്ന് ജീവിതംകൊണ്ടു സാക്ഷ്യം നല്കിയ ഞങ്ങളുടെ സ്റ്റീഫനച്ചാ, ദൈവത്തിന്റെ പട്ടക്കാരാ, സമാധാനത്തോട പോവുക.

●

www.malankaralibrary.com

## റവ. ഫാ. സ്റ്റീഫൻ തിരുവാലിൽ ഒ.ഐ.സി

# നാൾവഴിയിലൂടെ...

**ഫാ. ആന്റണി പടിപ്പുരയ്ക്കൽ ഒ.ഐ.സി**

1935 ജനുവരി 12-ാം തീയതി മാവേലിക്കര പുന്നമൂട് തിരുവാലിൽ കുടുംബത്തിൽ ഗീവർഗീസിന്റെയും അന്നമ്മയുടെയും നാലുമക്കളിൽ രണ്ടാമനായി ബഹു.സ്റ്റീഫനച്ചൻ ജനിച്ചു. 1935 ഫെബ്രുവരി 8-ാം തീയതി പുന്നമൂട് മലങ്കര കത്തോലിക്കാ പള്ളിയിൽവച്ച് ജേക്കബ് എന്ന പേരിൽ മാമ്മോദീസാ സ്വീകരിച്ചു. മൂത്ത സഹോദരി പരേതയായ മേരി ജോർജ്ജ് (ചെട്ടികുളങ്ങര), ജോർജ്ജ് വർഗീസ് (പുന്നമൂട് -മാവേലിക്കര), റവ.സി. നിർമ്മല എസ്.സി.വി എന്നിവർ സഹോദരങ്ങളാണ്. മാവേലിക്കര ഗവൺമെന്റ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി. 1954 ജൂൺ മാസം 4-ാം തീയതി ബഥനി ആശ്രമപ്രവേശനം നടത്തി. നവസന്യാസ പരിശീലനത്തിനുശേഷം 1956 ആഗസ്റ്റ് 16-ാം തീയതി ആദ്യവ്രത വാഗ്ദാനവും, 1961 മെയ് 18-ാം തീയതി നിത്യവ്രതവാഗ്ദാനവും ചെയ്തു.

പൂനാ പേപ്പൽ അത്തനേയത്തിൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനം പൂർത്തിയാക്കുകയും പേപ്പൽ സെമിനാരിയിൽവച്ച് 1963 സെപ്റ്റംബർ 21-ാം തീയതി പൂനാ ബിഷപ്പിന്റെ തൃക്കയ്യാൽ ബഥനി ആശ്രമത്തിനുവേണ്ടി പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു. അതേ തുടർന്ന് പേപ്പൽ അത്തനേയത്തിൽ നിന്നുതന്നെ എൽ.ഡി (Licentiate in Divinity) കരസ്ഥമാക്കുകയും ആ കാലയളവിൽ പൂനായിലുള്ള മലങ്കര മിഷനിൽ ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. 1968-'70 കാലയളവിൽ ചങ്ങനാശ്ശേരി സെന്റ് ബർക്കുമൻസ് കോളേജിൽ നിന്ന് മലയാളം ബി.എ ഡിഗ്രി കരസ്ഥമാക്കി.

കുമ്പഴ, കറ്റാനം, തിരുവല്ല, നാലാഞ്ചിറ ബഥനി ദയറാ, ചെറുകുളഞ്ഞി, ഗിരിദീപം-കോട്ടയം, കലയപുരം, മൗണ്ട് ബഥനി-മൈലപ്ര, കോട്ടവട്ടം എന്നീ ആശ്രമങ്ങളിൽ സുപ്പീര്യറായും ആശ്രമാംഗമായും സേവനമനുഷ്ഠിച്ചു.

ഇടവകശുശ്രൂഷയിലൂടെ ദൈവജനത്തെ പ്രബുദ്ധരാക്കുവാൻ ബഹു. സ്റ്റീഫനച്ചന് കഴിഞ്ഞു. കറ്റാനം, കോമല്ലൂർ, വടശ്ശേരിക്കര, പുതുശ്ശേരിമല, കുമ്പഴ, കിഴവള്ളൂർ, മാമ്പാറ, തോണിക്കടവ്, കൊച്ചുകുളം, പുത്തൻപീടിക, വാഴമുട്ടം, ഓമല്ലൂർ, ചീക്കനാൽ, കല്ലുങ്കൽ, പെരിങ്ങര-തിരുവല്ല, വാകത്താനം, നാലാഞ്ചിറ, കുശവർക്കല, ഉളിയഴിത്തറ, വള്ളികുന്നം, വകയാർ, മുതുപേഴുങ്കൽ, വള്ളിക്കോട് കോട്ടയം, വടക്കുപുറം, ഇളപ്പുപാറ, കരിമ്പനാംകുഴി, ഇടമുറി, നീരേറ്റുകാവ്, ഇടപ്പോൺ, മാലം, പോങ്ങുംമൂട്, പുലയനാർകോട്ട, കലയപുരം, കുളപ്പട, വലഞ്ചുഴി എന്നീ ഇടവക

www.malankaralibrary.com

കൾ അതിനു സാക്ഷ്യം വഹിക്കുന്നു. കൂടാതെ, തിരുവല്ലാ ഭദ്രാസനത്തിൽ പാസ്റ്ററൽ കൗൺസിൽ മെമ്പറായും, ഭദ്രാസനതല ലീജിയൻ ഓഫ് മേരി ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബഹു.അച്ചന്റെ ഈ ശുശ്രൂഷാ കാലയളവിൽ ആതുരസേവന രംഗത്തും വിദ്യാഭ്യാസ മേഖലയിലും ധാരാളം ഉപവിപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

തിരുമൂലപുരം ബഥനി മഠം, തിരുവനന്തപുരം ബഥനി മഠം, കലയപുരം ബഥനിമഠം, തിരുവനന്തപുരം ഫ്രാൻസിസ്കൻ ആശ്രമം എന്നിവിടങ്ങളിൽ ചാപ്ലെയിനായി സേവനമനുഷ്ഠിച്ചു.

ബഹു. സ്റ്റീഫനച്ചൻ യൂറോപ്പ്, അമേരിക്ക, കാനഡ, വിശുദ്ധനാട് എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് അച്ചന്റേതാകുന്ന സംഭാവന സമൂഹത്തിനും സഭയ്ക്കും നന്മയായി ഭവിച്ചിട്ടുണ്ട്. കറ്റാനം പോപ് പയസ് XI സ്കൂൾ, കറ്റാനം ബഥനി ബോർഡിംഗ്, മൗണ്ട് ബഥനി സ്കൂൾ-ബോർഡിംഗ്, തിരുവനന്തപുരം ബഥനി കോളേജ് എന്നിവിടങ്ങളിൽ ചുരുങ്ങിയ കാലങ്ങളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു.

സ്ഥാപനങ്ങളുടെ നിർമ്മിതിയിൽ അച്ചന്റെ നേതൃത്വം എടുത്തു പറയത്തക്കതാണ്. ബഹു. പീറ്റർ കോഴിമണ്ണിലച്ചനോടൊപ്പം കുമ്പഴ ബഥനി ആശ്രമം (1964), പിന്നീട് നാലാഞ്ചിറ ബഥനി കോളേജ് (1986–'89), നാലാഞ്ചിറ ബഥനി ഹോസ്റ്റൽ (2012), കോട്ടവട്ടം ബഥനി ആശ്രമം എന്നിവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. പ്രതിബന്ധങ്ങളുടെയും സമൂഹത്തിന്റെ പുറത്തുനിന്നുള്ള എതിർപ്പുകളുടെയും മധ്യത്തിൽ കലയപുരം സ്ഥാപനങ്ങളുടെ അംഗീകാരം ലഭിക്കുന്നതിന് ബഹു.സ്റ്റീഫനച്ചൻ നിർണ്ണായകമായ നേതൃത്വം നല്കി.

സാഹിത്യ രചനാ മേഖലയിൽ അദ്ദേഹത്തിന്റെ സംഭാവന വളരെ വിലപ്പെട്ടതാണ്. ഞായറാഴ്ചകളിലെയും മാറാനായ തിരുനാളുകളിലെയും ധ്യാനക്കുറിപ്പുകളുടെ സമാഹാരമായ *സുവിശേഷപ്രബോധനങ്ങൾ* (1979), *തിരുവചനാമൃതം* (1986), *വിശുദ്ധ നാട്* (1999) എന്നീ ഗ്രന്ഥങ്ങൾ പ്രകാശനം ചെയ്തു.

സന്യാസ പരിശീലനരംഗത്തും ദൈവവിളി പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിലും അച്ചന്റെ സേവനമനസ്സ് സമൂഹം പ്രയോജനപ്പെടുത്തി. അപ്പസ്തോലിക് സ്റ്റുഡന്റ്സ്, പ്രീ-ഡിഗ്രി സ്റ്റുഡന്റ്സ് എന്നിവരുടെ മാസ്റ്ററായും, വൊക്കേഷൻ പ്രമോട്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. വാർഷിക ധ്യാനങ്ങൾക്കും മാസധ്യാനങ്ങൾക്കുമുള്ള വിചിന്തന വിഷയങ്ങൾ പങ്കുവച്ച് സമൂഹത്തെ പ്രത്യേകിച്ച് സ്റ്റുഡന്റ്സ് കമ്മ്യൂണിറ്റിയെ പ്രബുദ്ധമാക്കിയിട്ടുണ്ട്.

www.malankaralibrary.com

ബഹു.സ്റ്റീഫനച്ചൻ ബഥനി ആശ്രമത്തിന്റെ നാമം എന്നും ശ്രേഷ്ഠമായി കാണുകയും അതിന് ഒരിക്കലും ഒരു കുറവും വരാതെയിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്തു. ബഥനി ആശ്രമത്തിന്റെ ആത്മാവിന് വിരുദ്ധമായി എന്തെങ്കിലും ആരിൽനിന്നും കേൾക്കുന്ന പക്ഷം വളരെ ആർജ്ജവത്വത്തോടും തന്മയത്വത്തോടും കൂടി അതിനെ തിരുത്തുന്നതിനും ബഥനിയുടെ ശ്രേഷ്ഠത അതിന്റെ തനിമയിൽ അവതരിപ്പിക്കുന്നതിനും അച്ചൻ ശുഷ്കാന്തി കാണിച്ചിരുന്നു. ആശ്രമാംഗങ്ങളെ പ്രത്യേകിച്ച് പ്രായാധിക്യത്താൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവരും രോഗങ്ങളാൽ വലയുന്നവരുമായ തന്റെ സന്യാസ സഹോദരങ്ങളെ ശുശ്രൂഷിക്കുന്നതിന് എന്നും മുൻകൈ എടുത്തിരുന്നു. പ്രത്യേകിച്ച് നാലാഞ്ചിറയിലുണ്ടായിരുന്ന ബഹുമാനപ്പെട്ട അച്ചന്മാർക്ക് സ്റ്റീഫനച്ചന്റെ സാന്നിദ്ധ്യവും നേതൃത്വവും എന്നും സുരക്ഷിതത്വം നൽകിയിരുന്നു. സമൂഹത്തിലുള്ള എല്ലാ അംഗങ്ങളോടും പ്രായഭേദമെന്യേ ഇടപഴകുന്നതിനും അവരുടെ ക്ലേശങ്ങൾ നിറഞ്ഞ സന്ദർഭങ്ങളിൽ "അതൊന്നും സാരമില്ലെന്നേ, ദൈവമറിയാതെ ഒന്നും സംഭവിക്കില്ല" എന്ന പ്രത്യാശയുടെ വാക്കുകൾ പറഞ്ഞു കൊടുക്കുന്നതിനും നന്മയിൽ മുമ്പോട്ടു പോകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്നും അച്ചന്റെ വാക്കുകൾ ശക്തി പകർന്നിരുന്നു.

ആശ്രമത്തിന്റെ ടൈം ടേബിൾ കൃത്യമായി പാലിക്കുന്നിൽ ബദ്ധശ്രദ്ധ കാണിച്ചിരുന്ന ബഹു.സ്റ്റീഫനച്ചൻ അന്തിമനാൾവരെയും വിശുദ്ധ കുർബാന അർപ്പിക്കുകയും യാമപ്രാർത്ഥന, ധ്യാനം എന്നിവയിൽ സജീവമായി പങ്കുചേരുകയും ചെയ്തിരുന്നു.

ബഹു. സ്റ്റീഫനച്ചൻ പ്രാർത്ഥനയും പ്രവർത്തനവും സംയോജിപ്പിച്ചുകൊണ്ട് സമൂഹത്തിന്റെ ചൈതന്യം കാത്തുസൂക്ഷിച്ച് വിശ്വസ്തനായ ദൈവഭവന വിചാരകനായി തന്റെ സന്യാസ പൗരോഹിത്യ ജീവിതം പൂർത്തിയാക്കി, ദൈവസന്നിധിയിലേക്ക് 84–ാമത്തെ വയസ്സിൽ 2019 സെപ്റ്റംബർ 19–ാം തീയതി രാവിലെ 6.50ന് കടന്നു പോയി. സെപ്റ്റംബർ 20–ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ പ്രധാന കാർമികത്വത്തിൽ, മറ്റു പിതാക്കന്മാരുടെയും അനേകം വൈദികരുടെയും സാന്നിദ്ധ്യത്തിൽ, ഭൗതിക ശരീരം നാലാഞ്ചിറ ബഥനി ആശ്രമ സെമിത്തേരിയിൽ സംസ്കരിച്ചു.

ബഹു.സ്റ്റീഫനച്ചൻ ശുശ്രൂഷ ചെയ്ത എല്ലാ മേഖലകളിലുമുള്ള ദൈവജനം അച്ചനെ നന്ദിയോടുകൂടി സ്മരിച്ചിരുന്നു എന്നതിന്റെ തെളിവാണ് 1960–കളിൽ പോലും അച്ചനുമായി ബന്ധപ്പെട്ടിട്ടുള്ള ഇടവക ജനം വിദൂരങ്ങളിൽ നിന്ന് അച്ചന്റെ സംസ്കാരശുശ്രൂഷയിൽ തിരുവനന്തപുരത്ത് വന്നു സംബന്ധിച്ചത്. ബഹു.അച്ചനെ സന്തോഷകരമായ മണവറയിൽ കാണുവാൻ നമുക്ക് ഇടയാവട്ടെ എന്ന പ്രത്യാശയോടെ അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു!

www.malankaralibrary.com

# സഹയാത്രികാ, സമാധാനത്തോടെ പോവുക...

**ഫാ. ജെറോം പീടികപ്പറമ്പിൽ ഒ.ഐ.സി**

ബഥനിക്ക് ഒരു മദ്ധ്യസ്ഥനെക്കൂടി ബഹു.സ്റ്റീഫനച്ചനിലൂടെ ദൈവം നൽകി. ദാനമായി ദൈവം തന്ന ജീവിതത്തെ സന്യാസ-പൗരോഹിത്യ ജീവിതത്തിലൂടെ നമുക്കൊപ്പം ജീവിച്ച ആ ആചാര്യൻ യാത്രയായി. ഞങ്ങൾ സമകാലികരായിരുന്നു. ഞാൻ 1953 ലും ബഹു. സ്റീഫനച്ചൻ 1954 ലും ബഥനി ആശ്രമത്തിൽ അർത്ഥികളായി പ്രവേശിച്ചു. ദൈവശാസ്ത്ര പഠന കാലയളവിനുശഷം 1963-ൽ പൂനെ ബിഷപ്പ് ആൻഡ്രു ഡിസൂസയിൽ നിന്ന് ഞങ്ങളൊരുമിച്ച് വൈദികപട്ടം സ്വീകരിച്ചു. അങ്ങനെ പൗരോഹിത്യ സ്വീകരണത്തോടുകൂടി ഒരേ ബാച്ചുകാരായി. പിന്നീട് പത്തനംതിട്ട മൗണ്ട് താബോർ ആശ്രമത്തിലും ഇപ്പോൾ നാലാഞ്ചിറ ദയറാ ആശ്രമത്തിലുമാണ് ഞങ്ങൾ ഒരുമിച്ച് താമസിച്ചിട്ടുള്ളത്.

ബഹു.സ്റ്റീഫനച്ചനെക്കുറിച്ചോർക്കുമ്പോൾ ആദ്യം മനസ്സിലേക്ക് കടന്നുവരുന്ന രൂപം തികച്ചും സൗമ്യനും പ്രസന്നവദനനുമായൊരാൾ. ആശ്രമത്തിന്റെ ഉല്ലാസ മുറികളിലും ഭക്ഷണമേശയിലും ശാന്തമായ പെരുമാറ്റവും നർമ്മ സംഭാഷണങ്ങളുമായി അദ്ദേഹം ചുറ്റുപാടുകളെ സന്തോഷമുള്ളവനാക്കി മാറ്റി. വലിയ ബഹളങ്ങളോ കാർക്കശ്യങ്ങളോ ഇല്ലാതെ മാതൃകാപരമായ സന്യാസജീവിതം നിഷ്ഠാപരമായി നയിച്ചു. സമൂഹത്തിന്റെയും ആശ്രമത്തിന്റെയും അദ്ധ്യക്ഷന്മാരോടും സന്യാസ നിയമത്തോടും എന്നും അനുസരണവും വിശ്വസ്തതയും അദ്ദേഹം പുലർത്തി.

പിറുപിറുപ്പുകളില്ലാതെ നിയമനങ്ങളേയും ഉത്തരവാദിത്വങ്ങളെയും കൂടെയുള്ളവരുടെ നിർദ്ദേശങ്ങളൊക്കെയും തുറന്ന മനസ്സോടെ സ്വീകരിക്കുവാനും ഏറ്റെടുക്കുവാനുമുള്ള ഉത്സാഹവും തീക്ഷ്ണതയും തലമുറകൾക്ക് പ്രചോദനവും മാതൃകയുമാണ്.

വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും അതിനെ പരിപോഷിപ്പിക്കുന്നതിനും മറ്റുള്ളവരെ കേൾക്കുന്നതിനും അവരെ മനസ്സിലാക്കി ഉപദേശങ്ങൾ നൽകുന്നതിനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആശ്രമസ്ഥനായ ബഹു.സ്റ്റീഫനച്ചൻ വികാരിയായി ചുമതല

www.malankaralibrary.com

നിർവ്വഹിച്ച ഇടവകകൾക്കും ദേശങ്ങൾക്കും ഏറെ സ്വീകാര്യനും പൊതുജനസമ്മതനുമായിരുന്നു. വർഷമെത്ര കഴിഞ്ഞാലും ശുശ്രൂഷ ചെയ്ത ദേവാലയങ്ങളിലെ ഇടവകാംഗങ്ങളെ പേര് വിളിച്ച് സംസാരിക്കാനും ഓർമ്മകൾ പങ്കുവെയ്ക്കാനും ഉള്ള അച്ചന്റെ കഴിവ് അഭിനന്ദനാർഹമാണ്. നല്ലിടയനായ ക്രിസ്തുവിന്റെ ചൈതന്യം ദൈവജനത്തിന് അതിന്റെ പൂർണ്ണതയിൽ നൽകാൻ അച്ചന് സാധിച്ചു. പാവങ്ങളോടുള്ള കരുണയും സ്നേഹവും സഹായിക്കാനുള്ള സന്മനസ്സും ആ വലിയ ഹൃദയത്തിന്റെ നന്മകളുമാണ്. സമവായങ്ങൾക്കും അഭിപ്രായസമന്വയത്തിനും പങ്കുവയ്ക്കലുകൾക്കും തുറന്നു പറച്ചിലുകൾക്കും ബഹു. അച്ചൻ കൊടുത്ത പ്രാധാന്യം അദ്ദേഹത്തിന്റെ വ്യക്തിപരമായ സന്യാസജീവിതത്തെയും മറ്റുള്ളരുടെ ജീവിതങ്ങളെയും സ്വസ്ഥവും സന്തോഷപ്രദവുമാക്കി.

സൗമ്യനും ശാന്തനുമായ സന്യാസപരമായ ലാളിത്യവും അനുസരണശീലവും മുദ്രമുദ്രകളാക്കി, തന്റെ ഇഹലോകവാസത്തെ 'അനുഗ്രഹമാക്കി' കടന്നുപോയ സഹയാത്രികന് പ്രാർത്ഥനയോടെ ആദരാഞ്ജലികൾ. സ്വർഗ്ഗീയ ഭവനത്തിൽ നമുക്ക് കണ്ടുമുട്ടാം എന്ന പ്രത്യാശയോടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു. ●

**പുരോഹിതൻ ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ മുദ്രയാൽ അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു. ഏകമധ്യസ്ഥനും രക്ഷകനുമെന്ന നിലയിലുള്ള അവിടുത്തെ ധർമ്മത്തിൽ പങ്കുപറ്റാനാണത്. അങ്ങനെ ക്രിസ്തുവിലും സഭയിലും ആത്മാക്കൾ രക്ഷപെടുന്നതിന് അവർക്ക് സേവനം ചെയ്യാനുള്ള അളവറ്റ മണ്ഡലം ഈ മൗലികബന്ധം മൂലം തുറന്നു കിട്ടുന്നു. ഈ സേവനം ആത്മാക്കൾക്കായി ജീവൻ നല്കുന്ന ക്രിസ്തുവിനെ അനുകരിച്ചുകൊണ്ട് ആത്മാക്കളോടുള്ള സ്നേഹത്താൽ പൂർണ്ണമായി പ്രചോദിപ്പിക്കപ്പെടണം. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്ന് ചെറിയവരിൽ ഒരുവനും നഷ്ടപ്പെടരുതെന്നും ദൈവം ആഗ്രഹിക്കുന്നു. (വി.ജോൺ പോൾ രണ്ടാമൻ)**

www.malankaralibrary.com

# കരുത്തിന്റെ കാതലാം ബഥാന്യൻ ബഹു.സ്റ്റീഫൻ തിരുവാലിലച്ചൻ

**ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി**
ബഥനി ആശ്രമം, അശോകപുരം, ആലുവ

"അങ്ങയിൽ ശക്തി കണ്ടെത്തിയവർ ഭാഗ്യവാന്മാർ" (സങ്കീ 84:5)

**അഭിപ്രായധീരൻ**

ധീരമായ അഭിപ്രായങ്ങൾ സ്വന്തമായുണ്ടായിരുന്ന ബഹു.സ്റ്റീഫനച്ചൻ എല്ലാ ജാഡ്യങ്ങളെയും തുറന്നെതിർത്തു. സ്വന്തം അഭിപ്രായം തുറന്നു പറയുന്നതിൽ മുന്നിട്ടുനിന്നു. ഏവരെയും പ്രോത്സാഹിപ്പിച്ചു. സമാശ്വസിപ്പിച്ചു. സാരമില്ല എന്നു പറഞ്ഞ് ബലപ്പെടുത്തി. സഭയുടെയും സന്യാസ സമൂഹത്തിന്റെയും രംഗവേദിയിൽ നിറഞ്ഞുനിന്നു. ശക്തമായ ആ ശബ്ദവും പ്രോത്സാഹജനകമായ ആ സാന്നിദ്ധ്യവും ആദരവോടെ അനുസ്മരിക്കുന്നു.

**ദൈവവിളി പ്രോത്സാഹകൻ, വിളി ഒരു ദാനമല്ലോ....**

സ്വന്തം കുടുംബങ്ങളിൽ നിന്നും സ്വന്തം ഇടവകയിൽ നിന്നും ചുമതലയിലുള്ള ഇടവകകളിൽ നിന്നും ആശ്രമത്തിലേക്കും ഭദ്രാസനങ്ങളിലേക്കും മഠങ്ങളിലേക്കും ബഹു.അച്ചൻ പ്രോത്സാഹിപ്പിച്ച് വിട്ടവർ അനേകരുണ്ട്. ദൈവത്തിനു സ്തോത്രം!

**ബലഹീനനായ എന്നെ വിളിച്ച കഥ**

ഞാൻ ജനിച്ചത് പത്തനംതിട്ട വെട്ടിപ്രത്താണ്. എന്നാൽ പഠനത്തിനായി ഞാൻ കോഴഞ്ചേരി അയിരൂരിലേക്ക് അയയ്ക്കപ്പെട്ടു. എന്റെ അമ്മവീട് അവിടെയായിരുന്നതിനാലും എന്റെ മാതാപിതാക്കൾ തേക്കുതോട്ടിലേക്ക് (കോന്നി) കുടിയേറിയതുകൊണ്ടും എന്റെ പഠനം അയിരൂരിലേക്ക് മാറ്റി.

ബഹു.സ്റ്റീഫനച്ചൻ അക്കാലത്ത് പുതുതായി തുടങ്ങിയിരുന്ന കുമ്പഴ ആശ്രമത്തിലേക്ക് നിയമിക്കപ്പെട്ടിരുന്നു. ബഹു.ലൂക്കോസ് മാക്കിൽ അച്ചനായിരുന്നു തേക്കുതോട് വികാരി. ബഹു.മാക്കിൽ അച്ചൻ കാർമല (കോന്നി) പള്ളിയിൽ വികാരിയായിരുന്നു. അക്കാലത്ത് തേക്കുതോട്ടിലേക്ക് നടന്നാണ് ബഹു.അച്ചൻ വരിക. ബസ്സോ മറ്റു സൗകര്യങ്ങളോ ഇല്ല. എല്ലാ മനുഷ്യരും കാൽനടയായി 25 കിലോമീറ്റർ, ചിലർ

www.malankaralibrary.com

അതിലധികം ഒക്കെ നടന്നുവേണം വീട്ടിലെത്താൻ കോന്നിയിൽ പോകാൻ എല്ലാം.

**വിളി വിശിഷ്ടം (എഫേ 4:1)**

അന്ന് ഇടവക ട്രസ്റ്റിയായിരുന്നു എന്റെ പിതാവ് ശ്രീ. മാമ്മൻ തോമസ് മാമ്മൂട്ടിൽ (വെട്ടിപ്രം കുഞ്ഞച്ചൻ). ബഹു.ലൂക്കോസ് മാക്കിലച്ചൻ (1960 കളിൽ) ശനിയാഴ്ച വൈകിട്ട് ഞങ്ങളുടെ വീട്ടിൽ വന്ന് വിശ്രമിക്കും. ഞായറാഴ്ച രാവിലെ മൂന്നു കിലോമീറ്റർ നടന്ന് തേക്കുതോട് (കരിമാൻതോട്) പള്ളിയിൽ വി.കുർബാന അർപ്പിക്കും. 1993-ൽ തേക്കുതോട് ജംഗ്ഷനിൽ പുതിയ പള്ളി പണിത് പ്രത്യേകം തിരിയുകയുണ്ടായി. തിങ്കളാഴ്ച രാവിലെ നടന്ന് കാർമലയിലേക്ക് പോകും. അയിരൂരിൽ പഠിച്ചിരുന്ന ഞാൻ അവധിക്ക് തേക്കുതോട്ടിൽ വരുമ്പോൾ വീട്ടിൽ ബഹു. ലൂക്കോസ് മാക്കിലച്ചൻ വന്ന് താമസിക്കുന്നത് കാണാറുണ്ടായിരുന്നു. ആ കാലയളവിൽ ഒരിക്കൽ ബഹു.സ്റ്റീഫനച്ചൻ ഇടവകയിൽ കൺവെൻഷൻ പ്രസംഗിക്കാനും ധ്യാനിപ്പിക്കാനും ഒക്കെയായി എത്തി. തന്റെ ധ്യാനത്തിന്റെ ഭാഗമായി ഭവനസന്ദർശനം നടത്തി. അന്ന് സമൂഹത്തിന്റെ വൊക്കേഷൻ പ്രൊമോട്ടർ കൂടിയാണ് ബഹു.സ്റ്റീഫനച്ചൻ. വീട്ടിൽ വന്നപ്പോൾ എന്റെ അമ്മ ബഹു.സ്റ്റീഫനച്ചനോടു ചോദിച്ചു: "എന്റെ മകൻ ദൈവവേലയ്ക്ക് പോകാൻ ആഗ്രഹിക്കുന്നു, എന്ത് ചെയ്യണം?" ബഹു. അച്ചൻ പറഞ്ഞു: അടുത്ത അവധിക്ക് വരുമ്പോൾ കുമ്പഴ ആശ്രമത്തിൽ വരുവാൻ പറയുക. 1964 മെയ് 27-ന് ഞാൻ കുമ്പഴ ആശ്രമത്തിൽ എത്തി. അന്ന് ശ്രീ. ജവഹർലാൽ നെഹ്റു അന്തരിച്ച ദിനമായിരുന്നു.

**അമ്മയോടൊപ്പം**

പരിശുദ്ധ മാതാവിന് പ്രത്യേകം സമർപ്പിക്കപ്പെട്ടിരുന്ന ഒരു ശിശുവായിരുന്നു ഞാൻ. കുമ്പഴ ആശ്രമത്തിൽ ശ്രീമതി ഏലിയാമ്മ തോമസ് എന്ന എന്റെ അമ്മയോടൊപ്പമാണ് ഞാൻ പോയത്. ആശ്രമത്തിലെത്തിയപ്പോൾ ബഹു.പക്കോമിയോസ് അച്ചനായിരുന്നു അവിടെ ഉണ്ടായിരുന്നത്. അയിരൂർക്കാരനും കൂടിയായ ബഹു.അച്ചൻ എനിക്ക് ആശ്രമത്തിലേക്കുള്ള അപ്പസ്തോലിക വിദ്യാർത്ഥിയാകാനുള്ള അപേക്ഷാ ഫോറം തന്നു. അടുത്ത അവധിക്ക് ഒമ്പതാംക്ലാസിൽ നിന്നും ജയിച്ച് പത്താംക്ലാസിലേക്കുള്ള ടി.സി (T.C) കറ്റാനം സ്കൂളിലേക്ക് വാങ്ങാൻ നിർദ്ദേശിച്ചുവിട്ടു. അടുത്തവർഷം ഞാൻ കറ്റാണം (Pope Pius XI) സ്കൂളിൽ പ്രവേശനം നേടി. എന്റെ ദൈവവിളി പ്രോത്സാഹിപ്പിച്ച കരങ്ങൾ ബഹു.സ്റ്റീഫനച്ചന്റേതായിരുന്നു. എന്റെ മാതുലൻ ശ്രീ. ജോയി

www.malankaralibrary.com

അയിരൂർ എന്നെ കറ്റാനം ആശ്രമ ത്തിൽ കൊണ്ടാക്കി. ശ്രീ. ഉമ്മൻ ചാണ്ടിയോടൊപ്പം 1960-കളിൽ അഖില കേരള ബാലജനസഖ്യത്തിന്റെ മുന്നണി നേതാവായിരുന്നു സാഹിത്യകാരനും കോളേജ് അദ്ധ്യാപക നുമായിരുന്ന ശ്രീ. ജോയി അയിരൂർ. തിരുവല്ലായിൽ പ്രീ-നൊവി ഷ്യേറ്റും, തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ നൊവിഷ്യേറ്റും പൂർത്തി യാക്കി. തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിലും 1978 വരെ പൂനായിൽ ഏഷ്യയിലെ ഏറ്റവും വലിയ സെമിനാരിയായ പേപ്പൽ അത്തനേയത്തിലും പഠിച്ച് വൈദികപഠനം പൂർത്തിയാക്കി.

**യേശു വിളിക്കുന്നു**

1978-ൽ വൈദികനായ ഞാൻ സമൂഹത്തിന്റെ വൊക്കേഷൻ പ്രൊമോട്ടറും കോട്ടയം ആശ്രമത്തിലെ അംഗവുമായിരുന്നു. ആ വർഷം കറ്റാനത്തുനിന്ന് ഫാ.ഗീവറുഗീസ് പാലവിളയിലിനെ ബഹു.സ്റ്റീഫന ച്ചൻ കോട്ടയം ആശ്രമത്തിൽ കൊണ്ടു വന്നത് ഞാനോർക്കുന്നു. അന്ന് പുണ്യശ്ലോകനായ പരിശുദ്ധ ബസേലിയോസ് സിറിൽ കാതോലിക്ക ബാവ തിരുമനസ്സുകൊണ്ട് ബഥനിയുടെ സുപ്പീര്യർ ജനറളായി കോട്ട യത്ത് ഞങ്ങൾക്ക് നേതൃത്വവും വാത്സല്യവും വർഷിച്ചുകൊണ്ട് നമ്മെ നയിക്കുന്ന കാലമാണ്. മാവേലിക്കരയിൽനിന്ന് ഫാ.ജോഷ്വാ കുറ്റിയിലും തണ്ണിത്തോട്ടിൽനിന്ന് ഫാ.ബാബു മൈക്കിളും റാന്നിയിൽ നിന്ന് റവ.ബ്രദർ ഗ്രേഷ്യസും മറ്റു ചിലരും ആശ്രമത്തിൽ ചേരുകയുണ്ടായി. എന്റെ ഓർഡിനേഷൻ 1978 മെയ് 1-ന് തണ്ണിത്തോട്ടിൽ വച്ചായിരുന്നു. ബഹു.കുര്യൻ വാലുപറമ്പിൽ അച്ചനായിരുന്നു തണ്ണിത്തോട് തേക്കു തോട് വികാരി. അഭിവന്ദ്യ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറി യോസ് പിതാവാണ് വൈദികപട്ടം നൽകിയത്. പുണ്യശ്ലോകനും ഭാഗ്യ സ്മരണാർഹനുമായ അഭിവന്ദ്യ പിതാവിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. തണ്ണിത്തോട്ടിൽ വച്ചു നടന്ന എന്റെ ഓർഡിനേഷന്റെയോ തേക്കുതോട്ടിൽ വച്ചു നടന്ന എന്റെ ആദ്യകുർബ്ബാ നയുടെയോ ഒരു ഫോട്ടോ പോലും എടുക്കപ്പെടുകയുണ്ടായില്ല. വിചി ത്രമായി തോന്നാമെങ്കിലും നിർമ്മമതയോടെ ഞാനതിനെ അന്നും ഇന്നും കാണാൻ ശ്രമിക്കുന്നു. ആ വർഷം തണ്ണിത്തോട്ടിൽനിന്ന് ബഹു. ബാബു മൈക്കിൾ അച്ചൻ ആശ്രമത്തിലെത്താൻ എന്റെ ഓഡിനേഷന് കാരണമായിട്ടുണ്ടാവണം. ദൈവത്തിനു നന്ദി. പിന്നീട് ആശ്രമത്തിൽ ചേർന്ന ഫാ. ഷൈജു മേപ്പുറത്ത് ഒ.ഐ.സി കരിമാൻതോട് ഇടവകാം ഗമാണ്.

www.malankaralibrary.com

**സഭാഭിമാനി**

വി.കത്തോലിക്കാ സഭയെപ്പറ്റിയും ബഥനി ആശ്രമത്തെപ്പറ്റിയും അഭിമാനത്തോടെ ചിന്തിക്കുകയും പറയുകയും ചെയ്യുമായിരുന്ന ബഹു. സ്റ്റീഫനച്ചൻ വിവിധ പ്രധാന ഇടവകകളിൽ വികാരിയായി പ്രവർത്തിച്ചിട്ടുണ്ട്. തിരുവനന്തപുരം നാലാഞ്ചിറ, തിരുവല്ലാ ആശ്രമങ്ങളിൽ സുപ്പീര്യറായി പ്രവർത്തിച്ചിട്ടുണ്ട്. വി.കത്തോലിക്കാ സഭയെയോ, മലങ്കര കത്തോലിക്കാ സഭയെയോ, പിതാക്കന്മാരെയോ, ബഥനി ആശ്രമത്തെയോ, ആശ്രമകാര്യങ്ങളെയോ കാരണമില്ലാതെ വിമർശിച്ചോ കുറ്റപ്പെടുത്തിയോ ആരെങ്കിലും, എത്ര വലിയവരായാലും പറഞ്ഞാൽ ബഹു. സ്റ്റീഫനച്ചന്റെ മറുപടി എടുത്തടിച്ചതുപോലെ വന്നിരിക്കും. ചിലപ്പോൾ അൽപ്പം പരുഷമായെന്നും വരാം.

**കലയപുരത്തിന്റെ കാവലാൾ**

കലയപുരം സ്കൂളിന്റെയും ആശ്രമത്തിന്റെയും സ്ഥാപനം സാദ്ധ്യമാക്കുന്നതിൽ ഒരു പോരാളിയെപ്പോലെ മുന്നിൽ നിന്ന് ക്ഷമയോടും ചടുലതയോടും കൂടെ നീണ്ട വർഷങ്ങൾ നേതൃത്വം നൽകിയ ബഹു.അച്ചൻ പ്രശംസ അർഹിക്കുന്നു. സമൂഹാംഗങ്ങളിൽ മറ്റു പലരും ഇതിനുവേണ്ടി പരിശ്രമിച്ചിട്ടുണ്ട് എന്ന വസ്തുതയും വിസ്മരിക്കുന്നില്ല.

**ഉറച്ചശബ്ദത്തിനുടമ**

പ്രാർത്ഥനകളും മറ്റും ഉച്ചത്തിലും സ്ഫുടമായും ചൊല്ലുന്നതിൽ ബഹു.അച്ചൻ അന്ത്യംവരെ ചടുലമായി ശ്രദ്ധിച്ചിരുന്നു. രോഗാവസ്ഥയിലും ചുമതലപ്പെട്ടവരുടെ നിർദ്ദേശങ്ങൾ അക്ഷരശ്ശ പാലിക്കുവാൻ ബഹു.അച്ചൻ ശ്രദ്ധിച്ചിരുന്നു.

കരുതലിന്റെ പിതാവായ ബഹു.അച്ചാ, അങ്ങ് സ്വർഗ്ഗത്തിലിരുന്നു ബഥനിക്കുവേണ്ടിയും വി.സഭയ്ക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും പ്രാർത്ഥിക്കണമേ എന്നപേക്ഷിക്കുന്നു.

നന്ദിനിറഞ്ഞ ഹൃദയത്തോടെ ബഹു.അച്ചനെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

നാം ദൈവസുതന്മാരാവാ-
നായുഷ്ക്കാലത്തിൽ ചൊല്ലി
ത്തന്നതാതരെയോർക്കേണം.
നയവാന്മാർ പുണ്യപ്പെട്ടോ-
രൊന്നിച്ചേകുമവർക്കാശ്വാ-
സംസ്വർഗേ, പുത്രൻ ദൈവം.

●

www.malankaralibrary.com

# മനസ്സിൽ നിറഞ്ഞു നില്ക്കുന്ന സ്റ്റീഫൻ തിരുവാലിലച്ചൻ

**ഫാ. ഗീവർഗീസ് തോമസ് പാലവിളയിൽ ഒ.ഐ.സി**

1978–ലെ എസ്.എസ്.എൽ.സി പരീക്ഷാ ഫലം വരുന്നതിന് രണ്ടു ദിവസം മുമ്പ് ചെറിയൊരു അസ്വസ്ഥത ഇല്ലാ എന്നു പറയാതിരിക്കാൻ വയ്യാ. അന്നു വൈകുന്നേരം ബഹുമാനപ്പെട്ട സ്റ്റീഫൻ തിരുവാലില ച്ചൻ (ആ കാലയളവിൽ ബഹു.അച്ചൻ എന്റെ ഇടവക വികാരിയാണ്) എന്റെ വീട്ടിൽ വന്നു. വികാരിയാണെങ്കിലും മുന്നറിയിപ്പില്ലാതെയുള്ള അച്ചന്റെ ഈ സന്ദർശനത്തിന്റെ ലക്ഷ്യം എന്താണെന്ന് ഞങ്ങൾക്ക് ആർക്കും ഒരു പിടിയും കിട്ടിയില്ല. കുശലാന്വേഷണം നടത്തിയതിനു ശേഷം ബഹുമാനപ്പെട്ട അച്ചൻ എന്റെ അപ്പനോടു എന്നെ ചൂണ്ടി ക്കൊണ്ടു ചോദിച്ചു. തോമാച്ചാ, "രണ്ടു ദിവസം കഴിയുമ്പോൾ ഇവന്റെ പരീക്ഷാഫലം വരും. എന്താ ഭാവി പരിപാടികൾ? അപ്പോൾ എന്റെ അപ്പൻ മറുപടിയായി പറഞ്ഞു: "അച്ചോ ഇവന്റെ റിസൾട്ട് വരട്ടെ. ഞാൻ ഒരു തീരുമാനവും എടുത്തിട്ടില്ല. എല്ലാം അവന്റെ ഇഷ്ടം. എന്തായാലും രണ്ടു മൂന്നു കോളേജുകളിൽ നിന്നും ഞാൻ പ്രീ-ഡിഗ്രിക്കുള്ള അപേക്ഷാ ഫോം വാങ്ങിയിട്ടുണ്ട്. പിന്നെ എല്ലാം ദൈവം നടത്തുന്നതു പോലെ നടക്കട്ടെ." അപ്പോൾ സ്റ്റീഫനച്ചൻ പറഞ്ഞു, "അവന് ആശ്രമ ത്തിൽ ചേരാൻ താല്പര്യമുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. നാളെ ഞാൻ കോട്ടയത്തിനു പോകുന്നുണ്ട്, അവൻ എന്റെ കൂടെ വരട്ടെ. അവനെ ഞാൻ അവിടെ ഒക്കെ കാണിച്ചു തിരികെ കൊണ്ടുവരാം." അപ്പോൾ എന്റെ അപ്പൻ മറുപടിയായി പറഞ്ഞു "അച്ചാ, അവന്റെ റിസൽട്ടു വരട്ടെ, ചേരാൻ നല്ല മാർക്കു കാണുമോ എന്നൊന്നും എനി ക്കറിയില്ല...." എന്നൊക്കെ പറഞ്ഞു തുടങ്ങി. "സാരമില്ലെന്നേ.... എല്ലാം ദൈവനിശ്ചയമല്ലേ" നിങ്ങളായിട്ടു തടസ്സം ഒന്നും കണ്ടെത്തേണ്ടാ... എല്ലാം ദൈവം നടത്തിക്കോളും...." അങ്ങനെ ഞാൻ പിറ്റേ ദിവസം രാവിലെ തന്നെ ബഹു.അച്ചനോടൊപ്പം കോട്ടയം ബഥനി ആശ്രമ ത്തിലേക്ക് യാത്രയായി. അന്ന് അവിടെയുണ്ടായിരുന്ന വൈദികരെ സന്ദർശിച്ച്, ആ വർഷത്തെ എന്റെ ആശ്രമ പ്രവേശനത്തിനുള്ള ദിവ സവും നിശ്ചയിച്ച് ഞങ്ങൾ കറ്റാനത്തേക്ക് തിരികെ പോന്നു. അങ്ങനെ

www.malankaralibrary.com

ഞാൻ സ്റ്റീഫനച്ചനാൽ പ്രചോദിതനായി ബഥനി കുടുംബത്തിലെ അംഗമായി. അതിനു ശേഷമുള്ള എന്റെ ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും, ഉപദേശത്താലും, പ്രാർത്ഥനയാലും എന്നെ ശക്തിപ്പെടുത്തിയ ഒരു വ്യക്തിയായിരുന്നു ബഹു.അച്ചൻ. എന്തു വിഷയവുമായി ബഹു. അച്ചനെ സമീപിക്കാനുള്ള സ്വാതന്ത്ര്യം എനിക്കുണ്ടായിരുന്നു. അതായിരുന്നു എനിക്കു സ്റ്റീഫനച്ചൻ.

**ഇടവകവികാരി:**

ആടുകളുടെ ചൂര് അറിയുന്ന ഒരു ഇടയൻ. ഇടവകയെ ഒന്നിച്ചു നിറുത്തുന്നതിനും, വേണ്ടത് വേണ്ട സമയത്ത് ചെയ്യുന്നതിനും ബഹു. അച്ചന് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. യുവതലമുറയുടെ വിശ്വാസ പരിശീലനത്തിനു പ്രത്യേക ശ്രദ്ധ അദ്ദേഹം കൊടുത്തിരുന്നു. ആരാധന, കൂദാശ ഗീതങ്ങൾ ചിട്ടയോടെ പഠിപ്പിക്കുന്നതിനും ആലപിക്കുന്നതിനും അദ്ദേഹം നിഷ്കർഷ പുലർത്തിയിരുന്നു. ഏറ്റം നന്നായി ആരാധനകൾ പരികർമ്മം ചെയ്യുന്നതിനും, അതിന്റെ അർത്ഥം പറഞ്ഞു പഠിപ്പിക്കുന്നതിനും ഉള്ള അദ്ദേഹത്തിന്റെ കഴിവ് എടുത്തു പറയേണ്ടതാണ്.

ആ കാലത്തെ ഒരു പ്രസിദ്ധനായ വാഗ്മി ആയിരുന്നു ബഹു. അച്ചൻ. ഇന്നത്തെ പോലെ ധാരാളം ധ്യാനഗുരുക്കന്മാരില്ലാത്ത സമയത്ത്, അദ്ദേഹത്തിന്റെ ധ്യാന പ്രസംഗങ്ങൾ ധാരാളം ആളുകളെ സ്വാധീനിച്ചിരുന്നു. ഞായറാഴ്ചത്തെ വി.വായനകളുടെ അടിസ്ഥാനമാക്കി അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ധ്യാന പുസ്തകങ്ങൾ ഇന്നും പ്രസിദ്ധമാണ്.

“അഭിപ്രായം ഇരുമ്പുലയ്ക്കയല്ലന്നേ...” എന്ന മുഖവുരയോടു കൂടി ഏതു കലുഷിത ചർച്ചകളേയും വാഗ്വാദങ്ങളേയും സാഹചര്യങ്ങളേയും സ്വതസിദ്ധമായ രീതിയിൽ പരിഹാരംകണ്ട്, കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു.

**ഒരു വിദ്യാർത്ഥി**

ഞാൻ പൂനാ ബഥനി ആശ്രമത്തിൽ ഫിലോസഫി പഠനം നടത്തുന്ന സമയത്താണ്, ബഹു. അച്ചൻ ജർമൻ ഭാഷാ പഠനത്തിനായി Pune Geothe Institute-ൽ ചേരുന്നത്. ക്ലാസു കഴിഞ്ഞു വന്ന്, ഒരു

www.malankaralibrary.com

നിമിഷം പോലും നഷ്ടപ്പെടുത്താതെ പാഠങ്ങൾ പഠിക്കുന്ന ഒരു തീക്ഷ്ണവാനായ വിദ്യാർത്ഥിയെയാണ് അച്ചനിൽ അന്നെനിക്കു കാണാൻ കഴിഞ്ഞത്. ആശ്രമത്തിന്റെ വരാന്തയിലൂടെ പാഠങ്ങൾ ഉരുവിട്ടു പഠിച്ചു കൊണ്ടു നടക്കുന്ന അച്ചൻ ഇന്നും എന്റെ മനസ്സിൽ നിന്നു മായാതെ നിറഞ്ഞു നിൽക്കുന്നു. ജീവിതാവസാനം വരെ അറിവു തേടിയ ഒരു വിദ്യാർത്ഥി ആയിരുന്നു സ്റ്റീഫനച്ചൻ.

**ഒരു ഉത്തമ ബഥാനിയൻ**

ഒരു ബഥാനിയൻ എങ്ങനെ മറ്റുള്ളവരെ കരുതണമെന്നും, സൗഹൃദം കാത്തുസൂക്ഷിക്കണമെന്നും ബഹു. അച്ചൻ എന്നും ശ്രദ്ധിച്ചിരുന്നു. എന്തു പരാതിയുമായി അച്ചന്റെ അടുത്തു ചെന്നാലും “സാരമില്ലെന്നേ....” എന്നു പറഞ്ഞു തുടങ്ങി-എന്തു വിഷയവും കൈകാര്യം ചെയ്യാനുള്ള അച്ചന്റെ കഴിവ് എടുത്തു പറയത്തക്ക ഒന്നാണ്. ഒരാൾക്ക് എന്തു കുറവും, കുറ്റവും ഉണ്ടെങ്കിലും, ആ ആളിനെ ചേർത്തു പിടിക്കുന്നതിനും, അയാളെ തിരുത്തുന്നതിനും ആശ്വസിപ്പിക്കുന്നതിനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. എന്ത് വിമർശനങ്ങളേയും അദ്ദേഹം വളരെ ക്രിയാത്മകമായി എടുത്തിട്ടുണ്ട്. അഭിപ്രായ സ്വാതന്ത്ര്യം അദ്ദേഹം എന്നും വിലമതിച്ചിരുന്നു.

ആശ്രമത്തിലെ യുവതലമുറയോട് എപ്പോഴും സൗഹൃദത്തോടെ ഇടപെടാൻ, ചെറിയ കുശലം പറച്ചിലുകളിലൂടെ ബന്ധങ്ങൾ കാത്തു സൂക്ഷിക്കാൻ, എന്നും അച്ചൻ ശ്രമിച്ചിരുന്നു.

സമൂഹം ഏല്പിച്ചിട്ടുള്ള ഏത് ഉത്തരവാദിത്വവും ജോലിയും ഏറ്റെടുത്ത് ഏറ്റവും നന്നായി ചെയ്യുന്ന സ്റ്റീഫനച്ചന്റെ മാതൃക ഏതു ബഥാനിയനേയും സ്വാധീനിക്കുന്നതായിരുന്നു. ആ ജോലി എനിക്ക് ചെയ്യാൻ പറ്റില്ല, അവിടെ പോകാൻ എനിക്കു കഴിയില്ല എന്ന് അച്ചൻ പറഞ്ഞതായി എന്റെ അറിവിൽ ഇല്ല.

നാലാഞ്ചിറയിൽ വിശ്രമജീവിതം നയിക്കുന്ന അവസരത്തിലും ശാരീരിക അസ്വസ്ഥതകൾ ഉണ്ടെങ്കിലുംപോലും ആശ്രമ ജീവിതത്തിന്റെ ചിട്ടവട്ടങ്ങൾ ഒട്ടും തെറ്റിക്കാതെ, എല്ലാ കൂട്ടായ്മകളിലും അച്ചന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. എല്ലാ യാമപ്രാർത്ഥനകളിലും, എല്ലാ ദിവസത്തെയും വി.കുർബാനകളിലും അച്ചൻ സജീവമായി പങ്കെടുക്കുകയായിരുന്നു.

www.malankaralibrary.com

ശാരീരികമായ ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും, അത് ആരെയും കാണിക്കാൻ അച്ചൻ ശ്രമിച്ചിരുന്നില്ല. "എങ്ങനെ ഉണ്ടച്ചാ... സുഖമാണോ..."? എന്ന ചോദ്യം അങ്ങോട്ടു ചോദിച്ചാൽ കിട്ടുന്ന മറുപടി: "അങ്ങനെ ഒക്കെ ആണെന്നേ..." അധികമായ പ്രയാസങ്ങൾ ഒന്നും എനിക്ക് ദൈവം തന്നിട്ടില്ല, പ്രായമാക്കെ ആയില്ലേ.... ഞാനും ഒരു ദിവസം മരിക്കേണ്ടവനല്ലേ? എന്നായിരുന്നു അച്ചന്റെ ഉത്തരം. ആരോടും ഒരു പരിഭവവും പറയാതെ എപ്പോഴും സന്തോഷത്തോടെ, സുസ്മേര വദനനായി ഇരിക്കുന്നതിൽ അച്ചൻ ശ്രദ്ധിച്ചിരുന്നു.

താൻ പിന്തുടർന്നതും... ജീവിക്കുന്നതുമായ സന്യാസത്തിന്റെ മാഹാത്മ്യം മനസ്സിലാക്കി പലരെയും സന്യാസജീവിതത്തിലേക്ക് ആകർഷിക്കുകയും, അത് നവീകരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്ത, വിശ്വസ്ഥതയോടെ, തന്റെ ജീവിതം നന്നായി ഓടി പൂർത്തിയാക്കി, മാതൃകയായി, പരാതികളോ, പരിഭവങ്ങളോ കൂടാതെ ജീവിച്ച യഥാർത്ഥ ബഥാന്യനായ സ്റ്റീഫനച്ചാ അങ്ങ് ബഥനിയുടെ സ്ഥാപനത്തിന്റെ നൂറാം വർഷത്തിൽ ഞങ്ങൾക്കു മുമ്പേ കടന്നുപോയി. ഞങ്ങളുടെ ഓർമ്മയിലും പ്രാർത്ഥനകളിലും അങ്ങ് എന്നുമുണ്ടാകും. അങ്ങയുടെ മാതൃകയ്ക്ക് ഹൃദയം നിറഞ്ഞ പ്രണാമം!

സേൽ ബശ്ലോമ്മോ കൊഹനൊ ദാലോഹോ
ദൈവത്തിന്റെ പുരോഹിതാ, സമാധാനത്തോടെ പോവുക

●

**അതുകൊണ്ട് എല്ലാ വൈദികരോടും ഞാൻ പറയുന്നു: "നിങ്ങളുടെ ശുശ്രൂഷാ പൗരോഹിത്യത്തെക്കുറിച്ച് ഒരിക്കലും സംശയിക്കരുത്. അത് സഭാസമൂഹത്തിനുവേണ്ടി വിനിയോഗിക്കുവാനുള്ള ഒരു ധർമ്മമോ സേവനമോ മാത്രമല്ല, പിന്നെയോ ക്രിസ്തുവിന്റെ പൗരോഹിത്യപരമായ ശക്തിയിൽ ഭാഗഭാഗിത്വമുള്ള ഒരു സേവനമാണിത്. മായ്ക്കപ്പെടാൻ ആവാത്ത മുദ്രയുള്ള തിരുപ്പട്ടം എന്ന കൂദാശ വഴി സവിശേഷമായ വിധത്തിൽ ആ ശക്തിയിൽ ഭാഗഭാഗിത്വമുള്ള സേവനമാണ്" (തിരുസഭ 10:28).**

www.malankaralibrary.com

# 'കൊഹനൈത്താ'യിലെ പുരോഹിത വിചാരങ്ങൾ

ഫാ. വർഗീസ് വിജയാനന്ദ് ഒ.ഐ.സി

വൈദികരെപ്പറ്റിയുള്ള അർത്ഥപൂർണ്ണമായ ചിത്രങ്ങൾ മനസ്സിൽ ജനിപ്പിക്കുന്നതിന് കൊഹനൈത്തായിലെ ഏറ്റവും ഹൃദയസ്പർശിയായ പ്രാർത്ഥനകളും വിശേഷണങ്ങളും നമ്മെ സഹായിക്കുന്നു. സുറിയാനി പാരമ്പര്യത്തിൽ കൊഹനൈത്താ ആരാധന ക്രമത്തിൽ വൈദികരെപ്പറ്റി നടത്തിയിരിക്കുന്ന വിശേഷണത്തിന്റെ ഒരു ചെറിയ പഠനമാണ് ഇത്.

**കൂദാശകളുടെ കാര്യസ്ഥൻ**

'കൊഹനൈത്താ' ആറാം ശുശ്രൂഷയിൽ 'കത്തിസ്മാ'യിൽ വൈദികനെപ്പറ്റിയുള്ള ഒരു വിശേഷണമാണിത്. 'സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകളും ഉയരത്തിലും ആഴത്തിലുമുള്ള സകലത്തിന്മേലും അധികാരവും ദൈവമവർക്ക് നല്കി. വിശ്വാസികളായ ഭവനാംഗങ്ങൾക്ക് കൂദാശകൾ പങ്കിട്ടു കൊടുക്കുവാൻ അവരെതന്നെ കാര്യസ്ഥന്മാരായി നിയമിച്ചു.' ദൈവീക ഭവനത്തിന്റെ കാര്യസ്ഥനായിട്ടാണ് ഇവിടെ വൈദികനെ ചിത്രീകരിച്ചിരിക്കുക. ഈ പ്രാർത്ഥനയിൽ കാര്യസ്ഥനുള്ള അവകാശങ്ങളും ഉത്തരവാദിത്വവും കൃത്യമായി നിർവ്വചിച്ചു നൽകിയിട്ടുണ്ട്.

അവകാശം : സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ സൂക്ഷിക്കുക. ഉയരത്തിലും ആഴത്തിലുമുള്ള സകലത്തിന്റെയും അധികാരം ശുശ്രൂഷിക്കുക.

ഉത്തരവാദിത്വം : ഭവനാംഗങ്ങൾക്ക് കൂദാശകൾ പങ്കിട്ടു കൊടുക്കുക.

ഈ നൽകപ്പെട്ട അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ക്രിസ്തുവും ശിഷ്യനും തമ്മിലുള്ള വിശ്വാസ-സ്നേഹബന്ധത്തിന്റെ അനന്തരഫലമാണ്. അവകാശങ്ങൾ പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തിനുശേഷം അവനു നൽകപ്പെടുന്നതായിട്ട് സുവിശേഷം സാക്ഷിക്കുന്നു (മത്താ 16:16-19). ഉത്തരവാദിത്വം സ്നേഹബന്ധത്തിൽനിന്ന് ഊരിത്തിരിയുന്നതാണ് - ആടുകളെ മേയിക്കുക (യോഹ 21:15-16).

www.malankaralibrary.com

ഇവിടെ യഥാർത്ഥ ദൈവവിശ്വാസവും ക്രിസ്തുവിനോടുള്ള അഗാധമായ സ്നേഹബന്ധവും പൗരോഹിത്യത്തിന്റെ അടിസ്ഥാനാനുഭവങ്ങളായി മാറുന്നു.

1. വിശ്വാസം പ്രഖ്യാപിച്ച് അവകാശം സ്വീകരിച്ചവൻ ക്രിസ്തുവുമായുള്ള വ്യക്തിബന്ധത്തിൽ സ്നേഹത്തിൽ വളർന്ന് ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കണം.

2. വിശ്വാസമുള്ളവന് മാത്രമേ അവകാശം സ്വീകരിക്കുവാൻ കഴിയുകയുള്ളു. അതുകൊണ്ടാണ് അടിസ്ഥാനവിശ്വാസത്തിൽ നിന്ന് വ്യതിചലിക്കുന്നവന് പൗരോഹിത്യ അവകാശത്തിൽ പങ്കില്ലാത്തത്.

3. ക്രിസ്തുവുമായുള്ള സ്നേഹബന്ധത്തിൽ വളർന്നെങ്കിൽ മാത്രമേ ഉത്തരവാദിത്വങ്ങൾ അർത്ഥപൂർണ്ണമായി നിർവ്വഹിക്കുവാൻ കഴിയുകയുള്ളു. ഉത്തരവാദിത്വം ദിവ്യരഹസ്യങ്ങൾ പങ്കിടുക എന്നുള്ളതാണല്ലോ. വെറും ചില കർമ്മങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനെ അല്ല ഇവിടെ വിവക്ഷിക്കുക.

ദിവ്യരഹസ്യം (Divine Mystery) പങ്കിടുക എന്നത് പൗരസ്ത്യ പാരമ്പര്യത്തിൽ ക്രിസ്തു സംഭവത്തെ അതിന്റെ ഊഷ്മളതയോടും നിർമ്മലതയോടുംകൂടി പരികർമ്മം ചെയ്യുക എന്നതാണ്. ഓരോ ദിവ്യരഹസ്യത്തിലും സംഭവിക്കുന്നത് ക്രിസ്തു സംഭവത്തിലെ രക്ഷാകര അനുഭവങ്ങളുടെ ജീവൽ ഗന്ധിയായ പുനരവതരണമാണ് – അനുഭവവേദ്യമാക്കലാണ്. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് സംഭവിച്ചതുപോലെ ക്രിസ്തുവിനെ ഇന്ന് ഇവിടെ ആധുനിക ജീവിത സാഹചര്യത്തിൽ നാം സന്ധിക്കുകയാണ് (It is an encounter with Jesus Christ). ആധുനിക ലോകത്തിൽ അർത്ഥപൂർണ്ണമായ ഈ സന്ധിക്കൽ (encounter) നടക്കണമെങ്കൽ ക്രിസ്തുവിന്റെ പുരോഹിതൻ ശ്രീകോവിലുകളുടെ അകത്തളങ്ങളിൽ നിന്ന്, ആശീർവ്വാദകനും, അധികാരിയുമായ പുരോഹിത ദർശനത്തിൽ നിന്ന്, അസ്തിത്വാത്മക പുറമ്പോക്കിലേക്ക് (existential peripheries) നടന്നിറങ്ങണം. അവിടെ ദുർബലമായവന് ശക്തി കൊടുക്കണം. മുറിവേറ്റതിനെ വെച്ചുകെട്ടണം. കാണാതായതിനെ തേടുകയും വഴി തെറ്റിയതിനെ തിരിച്ചു കൊണ്ടുവരികയും വേണം (എസെ. 34:4). അധികാരത്തിന്റെ ശാസകഘടനയിൽനിന്ന് സമർപ്പണത്തിന്റെയും സേവനത്തിന്റെയും ശൂന്യവത്കരണത്തിന്റെയും ദാസ്യഭാവത്തിലേക്ക് സ്വയം മൊഴിമാറ്റം നടത്തണം.

www.malankaralibrary.com

ഇതേ ചിന്ത തന്നെയാണ് കൊഹനൈത്തായിലെ ഏഴാം ശുശ്രൂഷയിലെ കോലോയിൽ നാം പ്രാർത്ഥിക്കുന്നത്.

ആചാര്യത്വത്തിന്നുചിതം താഴ്മ വെടിപ്പും
ശുദ്ധത ജ്ഞാനവുമിവയേറ്റം അനുയോജ്യവുമത്രേ
ഉണർവ്വുള്ളോനാം ആചാര്യൻ നടപടികളിലും
പരിപൂർണ്ണൻ ഭവനേ സഭയിലുമൊരുപോൽ യോഗ്യനുമാം
ഉത്തമനാം ഭരണാധിപനാക

ഇങ്ങനെയുള്ള പുരോഹിതരെയാണ് കൊഹനൈത്തായിൽ തിരുമുമ്പാകെ നിരന്തരം വിയർപ്പൊഴുക്കിയവരായും (അഞ്ചാം ശുശ്രൂഷ, മാനീസ) തിരുമുമ്പാകെ വെടിപ്പും വിശുദ്ധിയോടുംകൂടി ശുശ്രൂഷ ചെയ്യുകയും സൽപ്രവൃത്തികളാൽ ദൈവത്തെ തന്നെ പ്രീതിപ്പെടുത്തുകയും ചെയ്ത (അഞ്ചാം ശുശ്രൂഷ, സെദ്റ) കാര്യസ്ഥന്മാരായി ചിത്രീകരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ വിശ്വസ്തരായ പുരോഹിതന്മാർ കാര്യസ്ഥന്മാർ:

താബോർ മലയിൽ ശിഷ്യന്മാർ
നാഥനിൽ ദർശിച്ച പ്രകാരം
തവ വദനം ശോഭിപ്പിക്കും
സന്തോഷിപ്പിക്കും നിന്നെ

ദർശനവേളയിൽ പൗലോസ്മേൽ
വീണൊരു പ്രഭ തെളിയിച്ചീടും
നീതിയിൽ ശോഭിച്ചീടും നീ
നിർമ്മലതയിൽ വാസം ചെയ്യും.

താബോർമലയിൽ ശിഷ്യന്മാർ നാഥനിൽ ദർശിച്ചതും, ദർശനവേളയിൽ പൗലോസിന്മേൽ വീണ ദിവ്യപ്രഭയും സൂചിപ്പിക്കുക ദിവ്യരഹസ്യം അതിന്റെ പൂർണ്ണതയിൽ അനുഭവിക്കുന്ന ശിഷ്യരെയാണ്. ഇതിന്റെ അനന്തരഫലം നീതിയിൽ ശോഭിച്ചീടുന്ന ജീവിതവും നിർമ്മലതയിൽ വാസം ചെയ്യുന്ന ജീവിതവുമാണ്. ഇപ്രകാരമുള്ള പുരോഹിത ജന്മങ്ങൾക്കുമാത്രമേ ആധുനിക ലോകത്തിൽ ക്രിസ്തുവിനെ പുനരവതരിപ്പിക്കുവാനും നൽകുവാനും കഴിയുകയുള്ളു.

ഇപ്രകാരമുള്ള പുരോഹിത ശ്രേഷ്ഠർക്ക് ആധുനിക ക്രൈസ്തവ സമൂഹത്തെ ജീവസ്സുറ്റതാക്കുവാൻ കഴിയും.

www.malankaralibrary.com

ഇന്നു നാം ജീവിക്കുന്ന സത്യാനന്തര കാലഘട്ടം അസത്യത്തെ ആവർത്തനംവഴി സത്യമാക്കാൻ ശ്രമിക്കുന്ന കാലഘട്ടമാണ്. രാഷ്ട്രീയ സാമൂഹിക മതമണ്ഡലങ്ങളിൽ ഈ പ്രതിഭാസം നമുക്ക് കണ്ടുമുട്ടുവാൻ കഴിയും. ദൈവിക സത്യങ്ങളെ എതിർക്കുന്ന തങ്ങളുടെ നിരീശ്വര വാദങ്ങൾ ഫലപ്രദമായി ജനങ്ങളിൽ എത്തിക്കുവാൻ സത്യാനന്തര കാലഘട്ടത്തിലെ ഈ പ്രത്യേകതയെ ഉപയോഗിക്കുന്നു. ദൈവമനുഷ്യ ബന്ധത്തിലെ പ്രധാനപ്പെട്ട ചില അനുഭവങ്ങൾക്കുനേരെ ആക്രമണങ്ങൾ നടത്തുന്നു. അവയെപ്പറ്റി അസത്യപ്രചരണങ്ങൾ-ആവർത്തിച്ചുള്ള അസത്യപ്രചരണങ്ങൾ നടത്തി മതത്തെ - ദൈവവിശ്വാസത്തെ ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുന്നു. ഇക്കൂട്ടർ ഏറ്റവു കൂടുതൽ ആക്രമിക്കുന്നത് വൈദിക ജീവിതത്തെയാണ്. കാരണം ദൈവമനുഷ്യ ബന്ധത്തിലെ ഏറ്റം മനോഹരമായ ഒരു പദമാണ് പുരോഹിതനെന്നുള്ളത്. ഏറ്റം വിസ്മയകരമായ ഒരു അനുഭവമായിട്ടാണ് ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ ഈ പൗരോഹിത്യത്തെ വിവരിച്ചിരിക്കുന്നത്: “ബലഹീനമെങ്കിലും അൾത്താരയിൽ കാൽവരിയെ പുനരവതരിപ്പിക്കുന്നതിനും, എത്ര നികൃഷ്ട പാപവും ക്ഷമിക്കുന്നതിനും, മരണാസന്നരെ സ്വർഗ്ഗകവാടത്തിലേക്ക് കൈപിടിച്ചു നടത്തുന്നതിനും, ആയിരങ്ങളെ ജ്ഞാനസ്നാത്താൽ ആത്മാവിൽ ജനിപ്പിക്കുന്നതിനുമുള്ള സ്വഭാവികാധീതമായ അവകാശാധികാരങ്ങൾ ക്രിസ്തുവിലൂടെ പുരോഹിതന് കൈവരുന്നു.” പൗരോഹിത്യത്തെ നശിപ്പിച്ചാൽ സഭയെ, ദൈവവിശ്വാസത്തെ, മതത്തെ ഇല്ലായ്മ ചെയ്യുവാൻ എളുപ്പമായി. ഈ കാലഘട്ടത്തിൽ പുരോഹിതരും സഭാഗാത്രവും പൗരോഹിത്യത്തിന്റെ അർത്ഥതലങ്ങളെ മനസ്സിലാക്കി ജീവിച്ചില്ലെങ്കിൽ ക്രൈസ്തവ ജീവിതം തന്നെ അപകടത്തിലാവും. ●

**തങ്ങൾ ഉള്ളഴിഞ്ഞ് സ്നേഹിച്ചിരുന്ന ദിവ്യഗുരുവിനെ ഉയർപ്പിന് ശേഷം കണ്ടപ്പോൾ അപ്പസ്തോലന്മാർ എത്രമാത്രം സന്തോഷിച്ചു. അതേ സന്തോഷം തന്നെ തന്റെ കരങ്ങളിലിരിക്കുന്ന രക്ഷകനെ കാണുമ്പോൾ ഒരു വൈദികന് ഉണ്ടാകണം.**

www.malankaralibrary.com

# ദൈവത്തിന്റെ ബഥനിയിലെ ഉത്തമ സന്യാസി

**ബ്രദർ ഡാനിയേൽ കല്ലിൽ ഒ.ഐ.സി.**

'സംസാരം കൊണ്ട് ജീവിക്കുന്നവരേക്കാൾ ജീവിതം കൊണ്ട് സംസാരിക്കുന്നവരെ കേൾക്കാം, ശ്രദ്ധിക്കാം, അനുകരിക്കാം. കാരണം, വ്യക്തിപരമായ ദൈവാനുഭവത്തിന്റെയും ആഴമായ ജീവിതദർശനങ്ങളുടെയും സ്വാത്വികമായ മനനത്തിന്റെയും ആകെത്തുകയാണ് ആ ജീവിതങ്ങൾ. ഒരുപിടി ഗൃഹപാഠങ്ങൾ പകർന്നു തന്നു ജീവിതത്തെ ക്രമീകരിക്കാൻ ഉതകുന്ന വായനശാലയാണവർ. ഒപ്പം ജീവിത യാഥാർത്ഥ്യങ്ങളുടെ വേദിയിൽ കാലം വച്ചുനീട്ടുന്ന വിഭിന്ന വേഷങ്ങളെ സമചിത്തതയോടെ ഉൾക്കൊള്ളുവാനുള്ള ഒരു വെല്ലുവിളിയും പ്രചോദനവുമാണവർ.'

ബഹു. സ്റ്റീഫൻ തിരുവാലിലച്ചന്റെ നിര്യാണനാളിലെ ധ്യാനചിന്തയിൽ തോന്നിയ കാര്യങ്ങൾ ഞാൻ കോറിയിട്ടപ്പോൾ എന്റെ മനസ്സും ചിന്തയും നിറയെ ബഹു. സ്റ്റീഫനച്ചനായിരുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന ഒരോ കാര്യവും അക്ഷരംപ്രതി സ്റ്റീഫനച്ചനിൽ നിഴലിച്ചു നിന്നിരുന്നു. പരിശീലനകാലഘട്ടത്തിന്റെ ആദ്യവർഷങ്ങളിൽ കുമ്പസാരക്കാരനും, ധ്യാനചിന്തകനുമായി അച്ചൻ ഒപ്പം നടന്നു. പിന്നീട് തത്വശാസ്ത്രപഠനത്തിന്റെയും, ബിരുദപഠനത്തിന്റെയും അവധിക്കാലങ്ങളിൽ നാട്ടിലെത്തുമ്പോൾ വീണുകിട്ടിയ ചില അവസരങ്ങളിലെ ചുരുങ്ങിയ സംഭാഷണങ്ങളിലൂടെയും പ്രാർത്ഥനാമംഗളങ്ങളിലൂടെയും അച്ചനോട് ഇടപഴകുമായിരുന്നു.

ബഥനിയിലെ ഒരു വല്യച്ചനെന്നനിലയിൽ അച്ചനോടുണ്ടായിരുന്ന ബഹുമാനത്തിനും, സ്നേഹത്തിനുമപ്പുറം ബഹുമാനപ്പെട്ട അച്ചൻ ആത്മീയ പിതാവും, പ്രചോദകനും, വല്യപ്പച്ചനും, ഒരു മാതൃകയുമൊക്കെയായി ജീവിതത്തിലും ഹൃദയത്തിലും ഇടംപിടിച്ചു. ഇത് അച്ചന്റെ ജീവിതത്തിനു മാത്രം സ്വന്തമായ ചില ഇടപെടലുകളിലൂടെയും, രീതികളിലൂടെയും, ശൈലികളിലൂടെയും ആയിരുന്നു. കേൾക്കുവാനും, മനസ്സിലാക്കുവാനുമുള്ള മനസ്സ് പ്രായഭേദമെന്യേ ഇടപഴകുവാനുള്ള ലാളിത്യം ഒപ്പം ആയിരിക്കുവാനുള്ള ലഭ്യത എന്നീ

www.malankaralibrary.com

നന്മകൾ അച്ചന്റെ ജീവിതശൈലിയായിരുന്നു. സ്വന്തം ബുദ്ധിമുട്ടുകൾ മറന്ന് അല്ലെങ്കിൽ സ്വന്തം ബുദ്ധിമുട്ടുകളിൽ പരാതിയോ പരിഭവമോ ഒന്നുമില്ലാതെ "അതൊന്നും സാരമില്ലെന്നെ" എന്നു സ്വയം പറയാനും മറ്റുള്ളവർക്ക് അങ്ങനെ പറഞ്ഞ് കൊടുക്കുവാനും ശ്രമിച്ചിരുന്ന അച്ചൻ ബഥനിയുടെ അന്തഃസത്ത പൂർണമായി മനനം ചെയ്തു ജീവിച്ച സന്യാസ പുരോഹിതനായിരുന്നു.

ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ ഏതെങ്കിലും ഒരു പ്രതിസന്ധിഘട്ടത്തിൽ അല്ലെങ്കിൽ നിർണായക നിമിഷങ്ങളിൽ ഒപ്പം നടക്കുവാനും കൃത്യമായി പിന്തുണയ്ക്കുവാനും ആരെങ്കിലും ഉണ്ടെങ്കിൽ എത്ര നിസ്സഹായ അവസ്ഥയാണെങ്കിലും തകരാതെ, തളരാതെ അതിനെ നേരിടാനുള്ള ധൈര്യവും, പ്രത്യാശയും ലഭിക്കും. ഇതുപോലെ ഒരു സാഹചര്യത്തിൽ എന്നെ സഹായിച്ച നാലാഞ്ചിറ ദയറായിലെ വല്യച്ചന്മാരിൽ പ്രധാന വ്യക്തിയാണു ബഹു. സ്റ്റീഫനച്ചൻ. നടക്കാൻ ബുദ്ധിമുട്ടുള്ള സമയത്ത് ചായകുടി കഴിഞ്ഞ് എന്റെ കൈയ്ക്ക് പിടിച്ച് അച്ചൻ നടക്കുമായിരുന്നു. ഞങ്ങൾ രണ്ടു പേരും കൂടെ നടക്കുന്നതുകണ്ട് തമാശരൂപേണ ഒരു അച്ചൻ ചോദിച്ചു, "സ്റ്റീഫനച്ചൻ ശെമ്മാശനെ നടക്കുവാൻ സഹായിക്കുകയാണോ അതോ സ്റ്റീഫനച്ചനെ ശെമ്മാശ്ശൻ സഹായിക്കുകയാണോ?" (അച്ചൻ ആഴ്ചയിലൊരിക്കലുള്ള ഡയാലിസിസു കാരണം ക്ഷീണിതായിരുന്നു, ലേഖകൻ കാൽമുട്ടിന്റെ ലിഗമെന്റു പ്രശ്നത്താൽ ബുദ്ധിമുട്ടുക യായിരുന്നു). അപ്പോൾ ചിരിച്ചുകൊണ്ട് സ്റ്റീഫനച്ചൻ പറഞ്ഞു, "ഞങ്ങൾ രണ്ടുപേരും പരസ്പരം സഹായിക്കുകയാണ്. അതങ്ങനെ വേണമല്ലോ. വീട്ടിൽ വല്യപ്പച്ചനെ നടക്കാൻ കൊച്ചുമക്കൾ സഹായിക്കുന്നു. അതുപോലെ കൊച്ചുമക്കളെ (ബാല്യത്തിൽ) നടക്കാൻ വല്യപ്പച്ചൻ സഹായിക്കുന്നു." ഒരു ബഥാന്യൻ മറ്റൊരു ബഥാന്യന് എന്തായിരി ക്കണം എന്നും, ബഥനിയുടെ കുടുംബാന്തരീക്ഷത്തിൽ നെയ്തെടു ക്കുന്ന കൂട്ടായ്മ ജീവിതത്തെപ്പറ്റിയുള്ള വളരെ മനോഹരമായ ഒരു കാഴ്ചപ്പാടും അച്ചൻ ഇതിലൂടെ എനിക്കു പകർന്നുതന്നു. ഒരു ചെറിയ നടത്തം പൂർത്തിയാക്കി പ്രൊവിൻഷ്യൽ ആശ്രമത്തിന്റെ മുമ്പിൽ ഇരുന്നു ഞങ്ങൾ സംസാരിക്കുമ്പോഴെല്ലാം ബഥനിയായിരുന്നു അച്ചന്റെ വാക്കുകളിൽ നിറഞ്ഞു നിന്നിരുന്നത്. വല്യപ്പച്ചൻ കൊച്ചുമക്കൾക്ക് കുടുംബചരിത്രം പറഞ്ഞുകൊടുക്കുന്നതുപോലെ അച്ചൻ ബഥനിയുടെ എഴുതപ്പെടാത്ത ബാലാരിഷ്ഠതകളുടെ ചരിത്രവും, അല്ലലിന്റെ കഥയും അന്നുണ്ടായിരുന്ന സന്യാസ വൈദീക സഹോദരങ്ങളുടെ അലച്ചി

www.malankaralibrary.com

ലിന്റെ കഥയും വളരെ പ്രചോദനാത്മകമായി പറഞ്ഞു തന്നു. ബഥനിയോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും ആത്മാർത്ഥതയും, കടപ്പാടും കൊണ്ട് സ്ഫുടം ചെയ്തെടുത്ത അനുകരണീയമായ ജീവിതത്തിലൂടെ ഒരു യാത്രയാണ് ഞങ്ങൾ അന്നു നടത്തിയിരുന്നത്. അച്ചൻ വിശ്വസിച്ചതും പഠിച്ചതുമായ കാര്യം "ബഥനി ദൈവത്തിന്റേതാണ്, നാം ബഥനിയുടേതാണ്, അപ്പോൾ ആത്യന്തികമായും ദൈവം ബഥനിക്കായി വിഭാവനം ചെയ്യുന്ന നിയോഗങ്ങളും, ദൗത്യവും, വിളിയും നമ്മിലൂടെയാണ് നിവർത്തിക്കപ്പെടേണ്ടത്. അതിനുചിതമായ ജീവിതശൈലി ബഥനി നമ്മോടാവശ്യപ്പെടുന്നുണ്ട്." ഇപ്രകാരം വളരെ ലളിതമായി ബഥാന്യൻ ജീവിതം എന്താണെന്നും എപ്രകാരം ആയിരിക്കണമെന്നും അച്ചൻ പറഞ്ഞു തരുമായിരുന്നു.

അച്ചന്റെ വാക്കിലും പ്രവർത്തിയിലും ഒരുപോലെ തുളുമ്പി നിന്നിരുന്നത് ബഥാന്യജീവിതം ഏറ്റെടുക്കുന്ന, ഏറ്റെടുത്തിരിക്കുന്ന ഓരോ സമൂഹാംഗങ്ങളോടും അച്ചൻ പറയാൻ ആഗ്രഹിച്ചത് ഇത്രമാത്രം; 'ബഥനി ഇന്നു നമ്മുടെ കയ്യിലാണ്; അനേകം പുണ്യമാനസർ നൊന്തുപാലിച്ച ഈ പൂമരം, ഒരുപാട് സ്വപ്നങ്ങളും പ്രതീക്ഷകളും നിലനിർത്തുവാനായി ഇനിയും പൂത്തുലഞ്ഞ് വളർന്നു പന്തലിച്ച് അനേകർക്ക് കാലോചിതമായ് പ്രത്യുത്തരത്തിന്റെ ഭവനമാകണം.'

ബഹുമാനപ്പെട്ട സ്റ്റീഫനച്ചാ, തപിക്കുന്ന ഹൃദയത്തോടെ അങ്ങയെ യാത്രയാക്കുമ്പോഴും ഒരിക്കലും മായാത്ത ഓർമ്മയായി അങ്ങ് ഞങ്ങൾക്കൊപ്പമുണ്ടാകും. അങ്ങയേപ്പോലെ അനേകം സന്യാസ ശ്രേഷ്ഠർ ജീവിതം നേദിച്ചു പ്രകാശമാക്കിയ ഈ ബഥനിയെ നിങ്ങൾ ക്കണ്ട സ്വപ്നത്തിലേയ്ക്ക് നയിക്കാൻ അങ്ങയുടെ പ്രാർത്ഥന ഞങ്ങൾ അപേക്ഷിക്കുന്നു.

വത്സലപിതാവേ, സന്യാസ സഹോദരാ, നന്ദിയോടെ, പ്രാർത്ഥനാ മഞ്ജരിയോടെ അങ്ങയെ ഞങ്ങൾ യാത്രയാക്കുന്നു...

അങ്ങു സമാധാനത്താലെ പോകുക... പ്രകാശമുള്ള മണവറയിൽ ഇമ്പങ്ങളുടെ സ്വർഗ്ഗീയ പറുദീസയിൽ അങ്ങയെ കാണുവാൻ ഞങ്ങൾക്ക് ഭാഗ്യം ലഭിക്കട്ടെ.

> "സന്യാസ ജീവിതത്തിന്റെ അർത്ഥതലങ്ങൾ മനനം ചെയ്തു വാക്കുകൊണ്ടും വർത്തനം കൊണ്ടും ജന്മ നിയോഗത്തിന്റെ കർമ്മഭൂമിയിൽ വ്യയം ചെയ്തു യാത്രയായ സ്റ്റീഫനച്ചാ, സഫലമാണീ ജീവിതം, ധന്യമാണീ ജീവിതം."

●

www.malankaralibrary.com

# കുടുംബ ബന്ധങ്ങളുടെ കാവൽക്കാരൻ

**സ്റ്റീഫൻ ജോർജ്ജ് തിരുവാലിൽ**
(സഹോദരപുത്രൻ)

പ്രിയ ബഹുമാനപ്പെട്ട സ്റ്റീഫൻ അച്ചന്റെ വിയോഗം തിരുവാലിൽ കുടുംബം മുഴുവനെയും ദുഖത്തിലാഴ്ത്തി. 2019 സെപ്റ്റംബർ 19ാം തിയതി മരണവാർത്ത അറിഞ്ഞതു മുതൽ അച്ചൻ അപ്പച്ചൻ എന്ന് ഞങ്ങൾ വിളിക്കുന്ന സ്റ്റീഫൻ അച്ചന്റെ വിയോഗം മനസിൽ ഉൾക്കൊളാൻ കഴിയുമായിരുന്നില്ല. കുടുംബ ബന്ധങ്ങളുടെ കാവൽ ക്കാരനായിരുന്നു സ്റ്റീഫനച്ചൻ. എല്ലാ ബന്ധുമിത്രാദികളെയും സ്നേഹത്തിലും ഐക്യത്തിലും കോർത്തിണക്കാൻ പര്യാപ്ത മായിരുന്നു അച്ചന്റെ സ്നേഹവും വാത്സല്യവും.

എല്ലാ പ്രായക്കാരോടും അവരുടെ താത്പര്യങ്ങളെ അറിഞ്ഞ് പ്രവർത്തിക്കുന്ന വാത്സല്യ നിധിയായിരുന്നു ഞങ്ങളുടെ അച്ചനപ്പച്ചൻ. സഹോദരങ്ങൾ ഒന്നിച്ചു ചേരുമ്പോൾ ഒരുപാടുകാര്യങ്ങൾ സംസാരി ക്കുന്നതിനും തമാശകൾ പങ്കുവെയ്കുന്നതിനും സമയം ചിലവഴി ച്ചിരുന്നു. ഇത് സഹോദരബന്ധത്തിന്റെ ഉത്തമ ഉദാഹരണമായിരുന്നു.

മാറിവരുന്ന സാഹചര്യങ്ങളെ ഉൾക്കൊളുവാനും അതിന് അനുസരിച്ച് തീരുമാനങ്ങൾ എടുക്കുവാനും അച്ചന് സാധിച്ചിരുന്നു. ഞങ്ങളെയും ഞങ്ങളുടെ മക്കളെയും പ്രാർത്ഥനയിലും കുർബാന യിലും ചേർത്തുനിർത്തുന്നതിന് അച്ചനപ്പച്ചൻ എപ്പോഴും പരിശ്രമിക്കു മായിരുന്നു. അച്ചന്റെ ജിവിതം ലളിതവും സുതാര്യവുമായിരുന്നു. കുടുംബത്തിൽ ദൈവാനുഗ്രഹത്താൽ 5 സന്ന്യസ വൈദികരെയും 8 സന്ന്യാസിനികളെയും ലഭിച്ചിട്ടുണ്ട്. ഇവരുടെ എല്ലാം പ്രാർത്ഥനാ ഫലമായി കുടുംബം വിശ്വാസത്തിൽ ഉറച്ച് നിൽക്കുന്നു. പുനരൈക്യ ത്തിനു ശേഷം കുടുംബക്കാർ റീത്തിൽ ചേർന്നവരെ മാറ്റി നിറുത്തിയ പ്പോൾ പലപ്പോഴും വിഷമം തോന്നിട്ടുണ്ട് എന്ന് അച്ചനപ്പച്ചൻ പറയുന്നത് കേട്ടിട്ടുണ്ട്. വിവാഹം പോലുള്ള ചടങ്ങിലേക്കുപ്പോലും ഇവരെ ക്ഷണി ക്കുന്നില്ല എന്ന സാഹചര്യത്തിൽ തങ്ങൾ എടുത്ത തീരുമാനത്തിൽ സ്റ്റീഫനച്ചൻ ഉറച്ചു നില്ക്കുകയും ഒരു വൈദികനാകാൻ തീരുമാനി ക്കുകയും ചെയ്തു എന്നുള്ളത് കുടുംബത്തിന് അനുഗ്രഹമായി തീർന്നു.

www.malankaralibrary.com

ഒരുപാടു പാവപ്പെട്ടവരെ സഹായിക്കാൻ അച്ചനപ്പച്ചൻ മുൻകൈയെടുത്തിരുന്നു. അതുപോലെ കുടുംബത്തിൽ ആരുടെ ജീവിതത്തിൽ വിശേഷങ്ങൾ ഉണ്ടെങ്കിലും ആ വിശേഷ ദിവസങ്ങളിൽ ഫോൺ വിളിച്ചു പ്രാർത്ഥനാശംസകൾ അറിയിക്കുകയും സുഖവിവരങ്ങൾ തിരക്കുകയും ചെയ്തിരുന്നു. അസുഖമായിരുന്നവരെ ഭവനത്തിൽ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. മരണത്തിന് തൊട്ടുമുന്നുള്ള മാസങ്ങളിൽ പോലും വീട്ടിൽ വരുമ്പോൾ, തന്നെ പരിചരിക്കുന്ന സഹോദരങ്ങളുടെ വീട്ടിൽ കടന്നു ചെല്ലുകയും ശാരീരികബുദ്ധിമുട്ട് ഉണ്ടെങ്കിലും അതു മറച്ചുപിടിച്ച് അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. നാളിതുവരെ ഞങ്ങളുടെ ഓരോരുത്തരുടെയും വളർച്ചയിൽ അച്ചന്റെ പങ്ക് വളരെ വലുതാണ്. അച്ചന് ഏറെ ആഗ്രഹമായിരുന്നു ഈ തലമുറയിൽ വൈദികരും സിസ്റ്റേഴ്സുമുള്ളതു പോലെ അടുത്ത തലമുറയിലും ഉണ്ടാകണമെന്നത്. അതിനായി അച്ചൻ സ്ഥിരമായി പ്രാർത്ഥിക്കുകയും ആ ആഗ്രഹം ഞങ്ങളോടു പങ്കു വെയ്ക്കുകയും ചെയ്തിരുന്നു. അച്ചന്റെ ആഗ്രഹം സഫലമാകട്ടെ എന്ന് ഞങ്ങളും കുടുംബമായി പ്രാർത്ഥിക്കുന്നു. ഞങ്ങൾക്ക് ഉത്തമ മാതൃകയായ സ്റ്റീഫനച്ചാ സമാധാനത്തോടെ പോവുക ഞങ്ങളുടെ ഓർമ്മയിലും പ്രാർത്ഥനയിലും അങ്ങയുടെ സ്നേഹം എന്നും ഉണ്ടാകും. ●

## ഓർമ്മയിൽ വയ്ക്കാം

**2019 വാർഷിക ധ്യാനം**

നവംബർ 10 മുതൽ 15 വരെ

നവംബർ 24 മുതൽ 29 വരെ

ജീവാരാം, ബഥനി ആശ്രമം, മാവേലിക്കര

## നന്ദിയുടെ വാക്കുകൾ

2015 മുതൽ ബഥനി ശബ്ദത്തിന്റെ എഡിറ്ററായി ശുശ്രൂഷ നിർവ്വഹിച്ച ബഹു. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി അച്ചന് ബഥനിശബ്ദം എഡിറ്റോറിയൽ ടീമിന്റെ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

www.malankaralibrary.com

# മിഷൻ മാസത്തിലെ ചില ചിന്തകൾ

2019 ഒക്ടോബർ മാസം പരിശുദ്ധ പിതാവ് മിഷൻ മാസമായിട്ട് പ്രഖ്യാപിച്ചിരിക്കുന്നു. ആത്മാക്കളുടെ രക്ഷ സഭയുടെ ഉത്തരവാദിത്വ മാണ്. ആദിമകാലം മുതൽ സഭയുടെ ആരാധനാ ജീവിതവും മിഷൻ പ്രവർത്തനങ്ങളും ഉന്നംവയ്ക്കുന്നത് ആത്മാക്കളുടെ രക്ഷയാണ്. ജനിച്ച നാടിനെയും വീടിനെയും മാതാപിതാക്കളെയും സംസ്കാര ത്തെയും ഉപേക്ഷിച്ച് അനേകായിരം മൈലുകൾ താണ്ടി ആരാലും അറി യപ്പെടാതെ, ദരിദ്രരിൽ ദരിദ്രരായ മനുഷ്യർക്കുവേണ്ടി ജീവിതം സമർപ്പിച്ച അനേകം മിഷണറിമാരുടെ വീരോചിത കഥകളാൽ സുഗ ന്ധപൂരിതമാണ് കത്തോലിക്കാ സഭയുടെ ചരിത്രം.

പുതിയ ദൈവശാസ്ത്ര ചിന്തകളും സാമൂഹിക കാഴ്ചപ്പാടുകളും ഊരിത്തിരിഞ്ഞു വന്നപ്പോൾ സഭയുടെ മിഷൻ തീക്ഷ്ണതയ്ക്ക് കുറവു സംഭവിച്ചോ എന്ന് സംശയിക്കാതിരിക്കാൻ സാദ്ധ്യമല്ല. സഭയുടെ, മാമോദീസ സ്വീകരിച്ച ഓരോ ക്രൈസ്തവന്റെയും പ്രഥമവും പ്രധാന വുമായ ഉത്തരവാദിത്വമാണ് താൻ തിരിച്ചറിഞ്ഞ, കണ്ടുമുട്ടിയ ജീവിക്കുന്ന ദൈവത്തെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുക എന്നുള്ളത്. ഈ ഉത്ത രവാദിത്വത്തിൽ ഓരോ ക്രൈസ്തവനെയും ശക്തിപ്പെടുത്തുവാൻ വേണ്ടിയാണ് പരിശുദ്ധ പിതാവ് മിഷൻ മാസം പ്രഖ്യാപിച്ചിരിക്കുന്നത്.

ഭൗതികതയുടെ വേലിയേറ്റത്തിൽ നാം ജീവിക്കുന്ന ജീവിത പശ്ചാത്തലത്തിലും മറ്റുള്ളവരെ ആദ്ധ്യാത്മികതയിൽ ശക്തിപ്പെടുത്തു വാൻ ക്രിസ്തുവിൽ ബലപ്പെടുത്തുവാൻ നാം മറന്നുപോകുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ബിഷപ്പ് ഫുൾട്ടൺ ജെ.ഷീനിന്റെ വാക്കുകൾ ഈ അവസരത്തിൽ ചിന്തോദ്ദീപങ്ങളാണ് “ആവശ്യമുള്ള ശരീരങ്ങൾ ഭൗതിക സഹായം ശേഖരിക്കുന്നതുപോലെ നാം ആവ ശ്യമുള്ള ആത്മാക്കൾക്ക് ആദ്ധ്യാത്മിക സഹായം ശേഖരിക്കാറില്ല. ശാരീരിക ആവശ്യങ്ങൾ നേരിടുന്നതിന് എത്ര പിരിവു വേണമെങ്കിലും ഉണ്ട്. എന്നാൽ ആദ്ധ്യാത്മികമായി ദാരിദ്ര്യം അനുഭവിക്കുന്നവരെ സഹായിക്കണമെന്ന ആവശ്യബോധം അത്രയ്ക്കില്ല. ഒരു അവയവം സഹിക്കുമ്പോൾ എല്ലാ അവയവങ്ങളും അതോടൊപ്പം സഹിക്കുന്നു. അന്ധർക്കുവേണ്ടി നേത്രബാങ്കുകളും, രക്തക്കുറവുള്ളവർക്കുവേണ്ടി രക്തബാങ്കുകളും ഉണ്ടെങ്കിൽ എന്തുകൊണ്ട് വഴിതെറ്റിയവർക്കുവേണ്ടി പ്രാർത്ഥനാബാങ്കുകളും പാപികൾക്കുവേണ്ടി ആത്മത്യാഗ ബാങ്കുകളും

www.malankaralibrary.com


ഉണ്ടായിക്കൂടാ. ആദ്ധ്യാത്മികമായി മുറിവേറ്റ വളരെ യാത്രക്കാർ അവർ ക്ഷീണിച്ച ആത്മാവുകളിലേക്ക് മദ്ധ്യസ്ഥ പ്രാർത്ഥനയുടെ എണ്ണയും പരിഹാരത്തിന്റെ വീഞ്ഞും പകരുന്നതിന് നല്ല സമരായക്കാരനില്ലാതെ കഴിയുകയാണ്." ബഥനിയുടെ ആരംഭകാലത്ത് മാർ ഈവാനിയോസിനെ ജ്വലിപ്പിച്ചിരുന്നതും ഈ മിഷൻ തീക്ഷ്ണതയാണ്. അതുകൊണ്ടാണ് അഭിവന്ദ്യ പിതാവ് ബഥനി പള്ളികൾ സ്ഥാപിച്ചതും വിജാതീയ മിഷനുകളുടെ മുന്നണിപ്പോരാളിയായതും.

ഇന്ന് സഭയിൽ സാമ്പത്തിക വളർച്ചയും സാമൂഹിക പ്രതിബദ്ധതയും വളർന്നുവരുമ്പോൾ ആദ്ധ്യാത്മിക മണ്ഡലങ്ങളിൽ മൂല്യച്യുതി ഉണ്ടാകുന്നോ എന്ന് സംശയിക്കണം. വർത്തമാനകാലത്തിൽ കേരള സഭയിലുണ്ടായ ആദ്ധ്യാത്മിക അപഭ്രംശങ്ങളുടെ ചിത്രങ്ങൾ നമ്മെ പഠിപ്പിക്കുന്നത് ഈ സത്യമാണ്. ഇവിടെ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതും മൗനം പാലിക്കുന്നതും അഭികാമ്യമാണ്. ഇവിടെയും ബിഷപ്പ് ഷീനിന്റെ വാക്കുകൾ നമ്മെ സഹായിക്കട്ടെ: "സംഘർഷങ്ങളെപ്പറ്റി മൗനം ഭജിക്കുന്നത് നമുക്ക് നല്ലതാണ്. മൗനം ആവശ്യമെന്നു പറയുവാൻ കാരണം സഭയ്ക്കുള്ളിലെ ഏതെങ്കിലും സംഘർഷത്തെപ്പറ്റിയുള്ള ചർച്ച തന്നെ ക്രിസ്തുനാഥന്റെ സന്ദേശത്തിന്റെ തിളക്കം കുറയ്ക്കുന്നു. പരിധിവിട്ട് കണ്ണു തിരുമ്മിയാൽ കണ്ണിന്റെ കാഴ്ച കുറയുന്നതുപോലെയാണത്. ക്ഷമയില്ലായ്മയും കുറ്റാരോപണവും മനുഷ്യവർഗ്ഗത്തിന് നാശഹേതുവുമാണ്. തന്റെ മനസ്സിനിണങ്ങാത്തത് എന്തെങ്കിലും സംഭവിക്കുമ്പോൾ അതിനെതിരെയുള്ള പടപ്പുറപ്പാട് അനുസരണത്തിന് കണ്ഠകോടാലിയാണ്. ഒരു സംഘട്ടനത്തിൽ നമ്മുടെ ഭാഗം ശരിയാണെങ്കിൽ പ്രതികാരത്തിനു നില്ക്കാതെ എല്ലാ ദ്രോഹവും ഒരു നീർപ്പഞ്ഞിപോലെ വലിച്ചെടുക്കണമെന്ന് കർത്താവ് കല്പിക്കുന്നു. നമ്മുടെ ഭാഗത്താണ് തെറ്റെങ്കിൽ അവിടുത്തെ തിരുമനസ്സ് നിറവേറ്റുന്നതിനുള്ള ഉപകരണമായി മറ്റുള്ളവരെ നാം കാണണം."

ഇന്ന് കേരളസഭയെ ഗ്രസിച്ചിരിക്കുന്ന പ്രശ്നങ്ങൾ ക്രിസ്തുനാഥന്റെ സുവിശേഷത്തിന്റെ തിളക്കം കുറയ്ക്കുന്നു. "പരിധിവിട്ട് കണ്ണു തിരുമ്മിയാൽ കണ്ണിന്റെ കാഴ്ച കുറയുന്നതുപോലെ ക്ഷമയില്ലാതെ പരസ്പര ബഹുമാനമില്ലാതെ കുറ്റാരോപണങ്ങൾ നടത്തുന്ന സഭാമക്കൾ – വൈദികരായാലും, സന്യസ്തരായാലും വിശ്വാസികളായാലും ക്രിസ്തുനാഥന്റെ സുവിശേഷം മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കുന്ന മിഷൻ ചൈതന്യത്തിന് ഒരു കുറവു തന്നെയാണ്.

വി.ജെ.

www.malankaralibrary.com



# Prayer for the Extraordinary Mission Month

Heavenly Father,
when your only begotten Son Jesus Christ
rose from the dead,
he commissioned his followers
to "go and make disciples of all nations",
and you remind us that through our Baptism
we are made sharers in the mission of the Church.
Empower us by the gifts of the Holy Spirit
to be courageous and zealous
in bearing witness to the Gospel,
so that the mission entrusted to the Church,
which is still very far from completion,
may find new and efficacious expressions
that bring life and light to the world.
Help us make it possible for all peoples
To experience the saving love
and mercy of Jesus Christ,
who lives and reigns with you
in the unity of the Holy Spirit,
One God, forever and ever.
Amen